**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സരുൺ സജി എന്ന ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവത്തിൽ വനംവകുപ്പ് വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>1. മഹസർ തയ്യാറാക്കിയത് 20.09.2022 ൽ ആണെങ്കിലും 22.09.2022 എന്ന് തെറ്റായാണ് മഹസറിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.<br>2. ടി മഹസർ തയ്യാറാക്കിയ (കൈപ്പട സാക്ഷി) സമയത്ത് സ്ഥലത്ത് ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഷിജിരാജ് ആണ് മഹസർ തയ്യാറാക്കിയത്.<br>3. ടി മഹസർ പ്രകാരം കസ്റ്റഡിയിൽ എടുത്ത കെ.എൽ 37 ബി 4817 നമ്പർ ഓട്ടോറിക്ഷ കിഴുകാനം ഭാഗത്തുനിന്ന് വളകോട് ഭാഗത്തേയ്ക്കാണോ വളകോട് നിന്നും കിഴുകാനം ഭാഗത്തേയ്ക്കാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.<br>4. കാട്ടിറച്ചി എന്ന് മാത്രമാണ് മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മഹസറിൽ സാംപിൾ എടുത്ത വിവരം രേഖപ്പെടുത്തുകയോ പ്രതിയുടെ സാന്നിധ്യത്തിൽ സാമ്പിൾ എടുക്കുകയോ ചെയ്തിട്ടില്ല.<br>5. മഹസർ പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.<br>6. ഫോറം-1 റിപ്പോർട്ടിൽ വൈൽഡ് ലൈഫ് ആക്ടും ബന്ധപ്പെട്ട സെക്ഷനുകളും രേഖപ്പെടുത്തിയിട്ടില്ല. (ഫോറസ്റ്റ് ആക്ട് പ്രകാരം തയ്യാറാക്കുന്ന മഹസറിന്റെ ഫോം 1 പകർപ്പാണ് സമർപ്പിച്ചിരുന്നത്)<br>7. അറസ്റ്റ് ചെയ്യപ്പെട്ട സമയം പ്രതിയിൽ നിന്നും കണ്ടെടുത്ത വസ്തുവകകളുടെ വിവരങ്ങളടങ്ങിയ പ്രോപ്പർട്ടി ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടില്ല.<br>8. ടി കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മഹസറിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും സെക്ഷൻ** |

| | | | |
|---|---|---|---|
| | | | **സ്റ്റാഫിന്റേയും, ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന വരുടെയും വാച്ചർമാരുടെയും മൊഴികൾ പരിശോധിച്ചതിൽ ടി മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം, സമയം, ഇറച്ചി പിടിച്ചെടുത്ത വാഹനം കിഴകാനം ഭാഗത്തു നിന്നാണോ വളകോട് ഭാഗത്തു നിന്നാണോ വന്നത്, പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് എപ്പോൾ എവിടെ വച്ച് തുടങ്ങിയ കാര്യങ്ങളിൽ വൈരുധ്യങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.**<br>**9. ചെക്പോസ്റ്റിൽ വാഹന രജിസ്റ്റർ പരിശോധിച്ചതിൽ 20.09.2022 ൽ കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത ഓട്ടോറിക്ഷ ചെക്ക്പോസ്റ്റ് കടന്നുപോയ സമയത്തിൽ തിരുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി വാഹനം ചെക്പോസ്റ്റിൽ പരിശോധിച്ചതായും കാണുന്നില്ല.**<br>**10. ടി മഹസ്സർ തയ്യാറാക്കിയ അന്നേ ദിവസം നടത്തിയ തുടരന്വേഷണത്തിൽ കൂട്ടുപ്രതികളുടെ പുരയിടത്തിൽ നിന്നും കണ്ടെത്തിയ വെടിമരുന്നും അനുബന്ധ വസ്തുക്കളെയും സംബന്ധിച്ച് മഹസ്സറോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല**<br>**11. ഫോറം I ൽ കൂട്ടുപ്രതികളുടെ പേരോ, വിലാസമോ ഉൾപ്പെടുത്തിയിട്ടില്ല.**<br>**12. ടി കേസിന്റെ വിവരങ്ങൾ ഹോക്ക് മൊഡ്യൂളിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല.**<br>**13. വൻമാവ് ചെക്ക്പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന വാഹന പരിശോധനാ രജിസ്റ്ററിൽ 20.09.2022 തീയതിയിൽ കെ.എൽ 37 ബി 4817 നമ്പർ ഓട്ടോറിക്ഷ കടന്നുപോയ സമയം തിരുത്തിയിട്ടുള്ളതായി കാണുന്നു.**<br>**14. അറസ്റ്റ് ചെയ്യപ്പെട്ട സമയത്ത് പ്രതിയുടെ കൈവശം ഉണ്ടായിരുന്ന ബസ് യാത്രാടിക്കറ്റ് (രാവിലെ 6.30 ന് ശേഷമുള്ള വളകോട് നിന്നും ഈരാറ്റുപേട്ട ഭാഗത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി) ബന്ധുക്കളെ കാണിച്ചുവെങ്കിലും തിരികെ നൽകാൻ ഫോറസ്റ്റർ തയ്യാറായിട്ടില്ല.**<br>**റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.** |
| (ബി) | ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ പ്രോസിക്യൂഷൻ ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | **ഈ വിഷയത്തിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്യുകയും ടി ജീവനക്കാരെ വകുപ്പുതല അച്ചടക്കനടപടിക്ക് വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ അനുമതി നൽകുന്ന വിഷയത്തിൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതിനാൽ സ്വാഭാവികമായ കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്** |

| | | | |
|---|---|---|---|
| (സി) | വ്യാജ കേസിൽ കുടുക്കി പീഡനത്തിനിരയായ ആദിവാസി യുവാവിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നഷ്ടപരിഹാരത്തിനായി ശ്രീ.സരുൺ സജി ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും ആയത് നിലവിൽ കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ

**നീതുലക്ഷ്മി.എം. ഐഎഫ്എസ്**
ഫോറസ്റ്റ് കൺസർവേറ്റർ
(ഇൻസ്പെക്ഷൻ ഇവാല്യുവേഷൻ, കോട്ടയത്തിന്റെ
പൂർണ്ണ ചുമതല)

ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം
ഇൻസ്പെക്ഷൻ ഇവാല്യുവേഷൻ
സതേൺ റീജിയൺ, കോട്ടയം
ഫോൺ : 0481 2312402
ഇ മെയിൽ : cf-ie-sr.for@kerala.gov.in

നം. KFDIES/568/2022/CF&VSR/VSY തീയതി 29.10.2022

സ്വീകർത്താവ്

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)

സർ,

വിഷയം: ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷൻ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒ.ആർ 01/2022 നമ്പർ കേസുമായി ബന്ധപ്പെട്ട പരാതി - അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 23.10.2022 ലെ ബഹു. വനംമന്ത്രിയുടെ ഓഫീസ് പത്രക്കുറിപ്പ്
2. അങ്ങയുടെ 23.10.22 തീയതിയിലെ നിർദ്ദേശം

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. അനിൽകുമാറും സ്റ്റാഫും ചേർന്ന് 20.09.2022 ൽ സരിൻ സജിമോൻ എന്ന ആദിവാസി യുവാവിനെ വളകോട് ഭാഗത്തു നിന്ന് ഓട്ടോറിക്ഷയിൽ വിളിച്ചു വരുത്തി കാട്ടിറച്ചി ഓട്ടോറിക്ഷയിൽ വച്ച് പിടിപ്പിക്കുകയും കള്ളക്കേസിൽ കുടുക്കുകയും ചെയ്തുവെന്നും റെയിഞ്ച് ഓഫീസർ ഒപ്പിടാത്ത മഹസറും മറ്റു അനുബന്ധ രേഖകളുമാണ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതെന്നും മറ്റുമുളള പരാതി. ടി വിഷയവുമായി ബന്ധപ്പെട്ട് വിവിധ മാധ്യമങ്ങളിൽ തുടർച്ചയായി വാർത്തകൾ വരികയും കൂടാതെ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും ആദിവാസി സമുദായ സംഘടനകളുടേയും നേതൃത്വത്തിൽ കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസിനു മുൻപിൽ സമരപരിപാടികളും തുടർന്ന് നിരാഹാര സത്യാഗ്രഹവും നടത്തിവരുന്നു.

ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷൻ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒ.ആർ 01/2022 നമ്പർ കേസുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് ഞാൻ നേരിട്ടും ഇടുക്കി ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേനയും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

ടി പരാതിയുമായി ബന്ധപ്പെട്ട് ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ശ്രീ ബി രാഹുൽ, ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്വറി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ പി കെ മുജീബ് റഹ്മാൻ, കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ: വി അനിൽകുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ വി.സി.ലെനിൻ, ശ്രീ. എൻ. ആർ. ഷിജിരാജ്, ഫോറസ്റ്റ് വാച്ചർമാരായ ശ്രീ കെ എൻ മോഹനൻ, പി കെ ഭാസ്കരൻ, കെ റ്റി ജയകുമാർ, താൽകാലിക വാച്ചർ ഗോപാലകൃഷ്ണൻ, സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ ജിമ്മി ജോസഫ്, ശ്രീ.സനിൽകുമാർ.പി.എസ്, ശ്രീ.സരുൺ സജി, ശ്രീ. സജി, എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ശ്രീ ബി രാഹുൽ നൽകിയ മൊഴിയിൽ 20.09.2022 രാവിലെ ഇടുക്കി കിഴുകാനം സെക്ഷൻ ഓഫീസറും സംഘവും കെഎൽ 37 എ 4817 നമ്പർ ഓട്ടോറിക്ഷയിൽ നിന്നും കാട്ടിറച്ചി എന്ന പേരിൽ വിൽപന നടത്താൻ കൊണ്ടുപോയ ഉദ്ദേശം 2 കിലോ തൂക്കമുള്ള ഇറച്ചി കണ്ടെത്തുകയും ഓട്ടോറിക്ഷ ഓടിച്ചിരുന്ന സരുൺ, s/o സജിമോൻ, പുത്തൻപുരയ്ക്കൽ, മുല്ല, കിഴുകാനം എന്നയാളെ അറസ്റ്റ് ചെയ്യുകയും ഓട്ടോറിക്ഷയും ഇറച്ചിയും കസ്റ്റഡിയിൽ എടുക്കുകയും ഒ.ആർ. 01/2022 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു എന്നും മേൽ കേസിന്റെ നടത്തിപ്പിൽ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ ശ്രീ. മുജീബ് റഹിമാൻ പി.കെയുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിക്കുകയും ആയതിന് ടിയാനോട് ബഹു. കട്ടപ്പന ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിശദീകരണം ചോദിച്ചിട്ടുള്ളതും ഓട്ടോറിക്ഷയിൽ ഇറച്ചി പിടിച്ച ഉടനെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ അനിൽകുമാറിനെ ഫോണിൽ ബന്ധപ്പെടുകയും കേസ് എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും മൊഴി നൽകിയിട്ടുള്ളതാണ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസറോട് എത്രയും പെട്ടെന്ന് സ്ഥലത്ത് എത്തുവാനും വേണ്ടനടപടിക്രമങ്ങൾ പൂർത്തിയാക്കുവാനും നിർദ്ദേശിച്ചു എന്നും തുടർന്നുള്ള ടിയാന്റെ നടപടികൾ അങ്ങേയറ്റം നിരുത്തരവാദപരവും തെറ്റിദ്ധാരണ പരത്തുന്നതുമായിരുന്നുവെന്നും റെയിഞ്ച് ഓഫീസർക്ക് ഫോറസ്റ്ററുടെ പ്രവർത്തികളിലുള്ള അതൃപ്തി തനിക്കറിയാമെന്നും ടിയാൻ ടി അവസരം ഫോറസ്റ്റർക്കെതിരെ ഉപയോഗിക്കുകയും കേസിന്റെ അന്വേഷണത്തിനോ പേപ്പർ ജോലികളിലോ താൽപര്യം കാണിക്കുകയോ ചെയ്തില്ലായെന്നും ടിയാൻ കിഴുകാനം സെക്ഷനിൽ എത്തിയത് യൂണിഫോം ധരിക്കാതെ ഇടുക്കി സെക്ഷനിലെ ജോസഫ് വർഗ്ഗീസ്, അനീഷ് ടി തോമസ് എന്നീ സ്റ്റാഫുമൊത്താണെന്നും ഇവരും യൂണിഫോം ധരിച്ചിരുന്നില്ലായെന്നും മൊഴിയിൽ പറയുന്നു. ടിയാന്മാർ സെക്ഷൻ ഓഫീസിന് പുറത്ത് നിന്ന് ടി കേസ് കള്ളക്കേസാണ് കന്നുകാലി ഇറച്ചിയാണ് എന്നെല്ലാം നാട്ടുകാരോട് പറയുകയും ഫോണിൽ സംസാരിക്കുകയും ചെയ്തുവെന്നും ഇത് ടി കേസിനെ സംബന്ധിച്ച് വ്യാപകമായ പ്രതിഷേധം ഉണ്ടാകാൻ ഇടയാക്കിയെന്നും രാഷ്ട്രീയ പാർട്ടികളും ആദിവാസികളും സമരപരിപാടികൾ സംഘടിപ്പിക്കുയുണ്ടായെന്നും ഓഫീസിന് പോലീസ് കാവൽ ഏർപ്പെടുത്തേണ്ടസാഹചര്യം ഉണ്ടായി എന്നും 26.10.2022 മുതൽ കിഴുകാനം സെക്ഷൻ ഓഫീസിന് മുമ്പിൽ സത്യാഗ്രഹ സമരം ആരംഭിക്കുകയും ചെയ്തുവെന്നും മൊഴിയിൽ പറയുന്നു.

വന്യജീവി കേസ്സുകളിൽ മഹസ്സർ ഫോം 1 എന്നിവ തയ്യാറാക്കുകയും പ്രതിയെ അറസ്റ്റ് ചെയ്ത് മാനദണ്ഡങ്ങൾ പാലിച്ച് കോടതിയിൽ ഹാജരാക്കുകയും ചെയ്യുക എന്നത് Wildlife Protection Act Sec55(b) പ്രകാരവും, Kerala wildlife Protection Rules1976 Sec51 പ്രകാരവും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയാണ്. എന്നാൽ ടിയാൻ വെറും കാഴ്ചക്കാരനായി നിന്നുകൊണ്ട് ഫോറസ്റ്ററെയും, സ്റ്റാഫിനെയും എല്ലാ ജോലികളും ഏൽപ്പിക്കുകയും ടി ജോലികളിലെല്ലാം ധാരാളം കുറവുകളും കുറ്റങ്ങളും കയറിക്കൂടുകയും ചെയ്തു. മഹസ്സർ 9 മണിക്ക് ക്ലോസ് ചെയ്തതുകൊണ്ടാണ് മഹസ്സറിൽ കയറാത്തത് എന്ന് പറയുന്നത് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻ മാത്രമാണ്. കേസ്സിൽ റെയിഞ്ച് ഓഫീസർ, ഫോറസ്റ്റർക്ക് യാതൊരു നിർദ്ദേശവും നൽകിയില്ല. ടിയാന്റെ അന്വേഷണത്തിലും കേസിലുമുള്ള ഗുരുതരമായ വീഴ്ച കാരണം കേസന്വേഷണം തനിക്ക് താൽക്കാലികമായി ഏറ്റെടുക്കേണ്ടി വന്നു. ഒരു ആദിവാസി യുവാവിനെ കസ്റ്റഡിയിൽ എടുക്കുമ്പോൾ കാണിക്കേണ്ടുന്ന ഒരു ജാഗ്രതയും ടിയാൻ കാണിച്ചിട്ടില്ല എന്നും പറഞ്ഞിട്ടുള്ളതാണ്. അപൂർണ്ണമായ രേഖകൾ സമർപ്പിച്ചതിന് ബഹു. കട്ടപ്പന കോടതിയിൽ നിന്നും റെയിഞ്ച് ഓഫീസർക്ക് മെമ്മോ നൽകിയിട്ടുള്ളതാണെന്നും ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ശ്രീ.ബി രാഹുൽ മൊഴി നൽകിയിട്ടുണ്ട്. ടി മൊഴി **അനുബന്ധം I** ആയി ചേർക്കുന്നു.

ഇടുക്കി അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ പി കെ മുജീബ് റഹ്മാൻ നൽകിയ മൊഴിയിൽ 20.09.2022 ന് കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കാട്ടിറച്ചി പിടിച്ചു എന്നും ഓട്ടോയും പ്രതിയും കിട്ടാനുണ്ടെന്നും ഓട്ടം പോയതാണെന്നും അന്വേഷിച്ചുകൊണ്ടിരിക്കുക യാണെന്നും രാവിലെ 8.30 ഫോണിൽ തന്നെ വിളിച്ചറിയിച്ചു. ടി വിവരം താൻ ഉടനെതന്നെ ബന്ധപ്പെട്ട ഇടുക്കി വൈൽഡ് ലൈഫ് വാർഡനെ അറിയിക്കുകയും എന്നാൽ ഈ വിവരം കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തന്നെ അറിയിച്ചിരുന്നുവെന്ന് വൈൽഡ് ലൈഫ് വാർഡൻ തന്നോട്

പറഞ്ഞുവെന്നും കിഴുകാനത്ത് പോയി തുടർനടപടി സ്വീകരിക്കാൻ തനിയ്ക്ക് നിർദ്ദേശം നൽകിയതായും പറയുന്നു. തടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഫോണിൽ വിളിച്ച് പ്രതികളെയും ആയുധങ്ങളും പിടിക്കാനുണ്ടെന്നും കൂടുതൽ സ്റ്റാഫിന്റെ സഹായം ആവശ്യമാണെന്നും അറിയച്ചതനുസരിച്ച് ഇടുക്കി സെക്ഷനിൽ ഉണ്ടായിരുന്ന ശ്രീ. അനീഷ് റ്റി തോമസ്സ് , ശ്രീ. ജോസഫ് വർഗ്ഗീസ് എന്നീ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും കിഴുകാനത്തേയ്ക്ക് വരാൻ നിർദ്ദേശിക്കുകയും, രാവിലെ 9.15 ന് അനീഷ് ടി തോമസും നേച്ചർ ക്യാമ്പ് ഡ്യൂട്ടിയിലുണ്ടായിരുന്ന ജോസഫ് വർഗ്ഗീസും സെക്ഷനിൽ നിന്നും പുറപ്പെട്ട് രാവിലെ 10 മണിക്ക് മൂന്നുപേരും കൂടി വെള്ളപ്പാറയിൽ നിന്നും പുറപ്പെട്ടുവെന്നും 11.45-ന് കിഴുകാനത്ത് എത്തിയപ്പോൾ കിഴുകാനം സെക്ഷൻ ഓഫീസിനു മുമ്പിൽ പല രാഷ്ട്രീയ പാർട്ടി പ്രവർത്തകരും, നാട്ടുകാരും, പത്രപ്രവർത്തകരും ചാനലുകാരും ഉൾപ്പെടെ ഒരുപാട് പേർ കൂടി നിൽക്കുന്നുണ്ടായിരുന്നു. പത്രക്കാരും ചാനലുകാരും കീഴ്കാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചതനുസരിച്ച് എത്തിയതാണെന്ന് അവരിൽനിന്നും അറിയാൻ കഴിഞ്ഞുവെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ടിയാന്മാരോട് മാനിറച്ചി പിടിച്ചതായി അറിയിച്ചിരുന്നതായും അവരിൽ നിന്ന് അറിയാൻ കഴിഞ്ഞു എന്നും തുടർന്ന് സെക്ഷൻ ഓഫീസിൽ പ്രവേശിച്ചപ്പോൾ കേസ്സിലെ പ്രതിയായ സരുൺ S/o സജിമോൻ, കണ്ണംപടി എന്നയാളെ അറസ്റ്റ് ചെയ്തുവെച്ചിരിക്കുന്നതായും പ്രതിക്ക് കാവലായി കിഴുകാനം സെക്ഷനിലെ വാച്ചർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നതായും കണ്ട് താൻ പ്രതിയോട് കാര്യങ്ങൾ ചോദിച്ചതിൽ ടിയാൻ 20.09.2022ന് രാവിലെ ഈരാറ്റുപേട്ട ബസ്സിൽ പോകുന്ന വഴിയിൽ ടിയാന്റെ അച്ഛന്റെ ഫോണിൽ നിന്നും ടിയാന്റെ ഫോണിലേയ്ക്ക് കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തിരികെ വിളിപ്പിച്ചതാണെന്നും ഇങ്ങനെ വളകോട് നിന്നും ടിയാന്റെ ഓട്ടോയിൽ തിരിച്ചു വരുന്ന വഴി വൻമാവ് ഫോറസ്റ്റ് ചെക്ക്പോസ്റ്റിന്റെ സമീപത്ത് വച്ച് സെക്ഷൻ ഫോറസ്റ്റ് ഓഫീസറും സ്റ്റാഫും ഒരു പ്ലാസ്റ്റിക് കവറിലാക്കിയ ഇറച്ചി ടിയാന്റെ ഓട്ടോയിൽ വെച്ച് പിടിച്ചതായി കേസ് ആക്കിയതാണെന്നും പറഞ്ഞതായും ഈ സമയം സെക്ഷൻ ഫൊറസ്റ്റ് ഓഫീസറോ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരോ സെക്ഷൻ ഓഫീസിൽ ഉണ്ടായിരുന്നില്ല എന്നും ഇവിടെ ഉണ്ടായിരുന്ന വാച്ചർമാരോട് അന്വേഷിച്ചപ്പോൾ ഇറച്ചി കണ്ണംപടി ഭാഗത്തു താമസിക്കുന്ന കളിത്തോഴൻ ബസ്സിലെ ജീവനക്കാരനായ ലാലു എന്നയാളുടെ വീട്ടിൽ നിന്നാണ് കിട്ടിയതെന്ന് അറിയാൻ കഴിഞ്ഞു എന്നും സെക്ഷൻ ഓഫീസിലെ ഫ്രിഡ്ജിൽ സൂക്ഷിച്ചിരുന്ന പിടിക്കപെട്ടതായ ഇറച്ചി പരിശോധിച്ചതിൽ ഇത് പശുവിന്റേതാണെന്നാണ് തനിക്ക് തോന്നിയതെന്നും ആയതിനാൽ മൃഗ ഡോക്ടറെ താൻ ഫോണിൽ ബന്ധപ്പെട്ടതിൽ ഇറച്ചി ഏതിന്റേതാണെന്ന് സാക്ഷ്യപെടുത്താൻ സാധിക്കില്ല എന്നറിയിച്ചതായും ടിയാൻ പറയുന്നു. സെക്ഷനിൽ തിരിച്ചെത്തിയ സെക്ഷൻ ഫോറസ്റ്റ് ഓഫീസറോട് കേസ്സിന്റെ കാര്യങ്ങൾ അന്വേഷിച്ചതിൽ, തുടരന്വേഷണത്തിന്റെ ഭാഗമായി മുല്ലഭാഗത്ത് പോയിരുന്നതായിരുന്നുവെന്നും മറ്റ് പ്രതികളെ പഞ്ചായത്ത് മെമ്പറും, പഴയമെമ്പറും സെക്ഷനിൽ എത്തിക്കുമെന്ന് പറഞ്ഞിട്ടുണ്ടെന്നും രാവിലെ കിട്ടിയ പ്രതിയെ മഹസ്സർ പ്രകാരം അറസ്റ്റ് ചെയ്തിട്ടുള്ളതാണെന്നും, മഹസ്സർ എഴുതി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു എന്നും ടിയാൻ തയ്യാറാക്കിയ മഹസ്സർ പരിശോധിച്ചതിൽ രാവിലെ 6 മണിക്ക് തുടങ്ങി 9 മണിക്ക് മഹസ്സർ അവസാനിപ്പിച്ച് 9.10 ന് അറസ്റ്റ് നടപടികൾ പൂർത്തീകരിച്ച് അറസ്റ്റ് ചെയ്തിട്ടുള്ളതായി തനിക്ക് ബോദ്ധ്യപ്പെട്ടു എന്നും എന്നാൽ ഇങ്ങനെ മഹസ്സർ തയ്യാറാക്കിയത് ശരിയല്ലെന്നും ഇറച്ചി പിടിച്ചത് കണ്ണംപടിയിലെ ലാലുവിന്റെ വീട്ടിൽ നിന്നാണെന്നും ആയതിനാൽ ടിയാനെ പ്രതി ചേർത്ത് മഹസ്സർ എഴുതണമെന്നും ഓട്ടോയിൽവെച്ച് പിടിച്ചതായി മഹസ്സറിൽ കാണിക്കരുതെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസറോട് താൻ നിർദ്ദേശിച്ചുവെന്നും എന്നാൽ ടിയാൻ ലാലുവിനെ പ്രതി ചേർക്കാൻ പറ്റില്ലെന്നും ഇത് ടിയാൻ എടുത്ത കേസ്സാണെന്നും ആയതിനാൽ മഹസ്സർ തയ്യാറാക്കി പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണെന്നും ഇത് മാറ്റില്ലെന്നും ടിയാൻ വൈൽഡ്ലൈഫ് വാർഡനെ അറിയിച്ചിട്ടുള്ളതാണെന്നും തന്നോട് പറഞ്ഞതായും, എന്നാൽ ഇതേക്കുറിച്ച് താൻ വൈൽഡ്ലൈഫ് വാർഡനെ അറിയിച്ചെങ്കിലും ഇതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പറയുന്നതാണ് ശരിയെന്നും കേസ്സിന്റെ നിലനിൽപ്പിന് അപ്രകാരം എഴുതേണ്ടതാണെന്നും വൈൽഡ് ലൈഫ് വാർഡൻ പറഞ്ഞതായും അങ്ങനെയെങ്കിൽ അപ്രകാരം തുടർനടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശിച്ച ശേഷം താൻ ബഹു: കട്ടപ്പന മഴിസ്ട്രേറ്റ് കോടതിയിലെ ബെഞ്ച് ക്ലാർക്കിനെ വിളിച്ച് പ്രതിയെ ഹാജരാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, രാത്രി 9

മണിക്ക് മുമ്പ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാൻ കോടതിയിൽ നിന്നും അറിയിച്ചിരുന്നതുമാണെന്നും, ടി വിവരം സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ അറിയിച്ച് താൻ ഇടുക്കിയിൽ നിന്നും തന്റെ കൂടെ വന്ന ബീറ്റ് ഫോറസറ്റ് ഓഫീസർമാരോടും, ഫോറസ്റ്റ് വാച്ചർമാരോടും കൂടി ഇടുക്കിയിലേയ്ക്ക് തിരിച്ചുപോന്നതായും തുടർന്ന് കക്കാട്ടുകട ഭാഗത്ത് എത്തിയപ്പോൾ ശ്രീ. ജോസഫ് വർഗ്ഗീസ് ബീറ്റ് ഫോറസറ്റ് ഓഫീസറുടെ ഫോണിലേയ്ക്ക് ഇടുക്കി വൈൽഡ്ലൈഫ് വാർഡൻ വിളിക്കുകയും തന്റെ കൈയ്യിൽ തരാൻ പറഞ്ഞതായും, തന്നോട് കട്ടപ്പന കോടതിയിൽ എത്തണമെന്ന് നിർദ്ദേശിച്ചതായും, കട്ടപ്പന എത്തിയപ്പോൾ താൻ വൈൽഡ് ലൈഫ് വാർഡനെ ഫോണിൽ വിളിച്ച് എന്തിനാണ് തന്നോട് കോടതി പരിസരത്ത് കാത്ത് നിൽക്കാൻ പറഞ്ഞതെന്ന് ചോദിച്ചപ്പോൾ കിഴുകാനത്തുനിന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറും ടീമും പ്രതിയുമായി വരുമ്പോൾ കോടതിയിൽ കാണണമെന്നും, താൻ അങ്ങോട്ട് വരുന്നുവെന്ന് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചതായും കോടതിയുടെ സമയം കഴിഞ്ഞതിനാൽ താൻ തന്റെ കൂടെ ഉണ്ടായിരുന്ന സ്റ്റാഫുമൊത്ത് ബഹു: കട്ടപ്പന മജിസ്ട്രേറ്റിന്റെ വസതിക്ക് സമീപം വൈൽഡ്ലൈഫ് വാർഡനെ കാത്തുനിന്നു എന്നും 20.09.2022 ന് രാത്രി 8.30 മണിയോടെ മെഡിക്കലും മറ്റു നടപടികളും തീർത്ത് പ്രതിയുമായി കിഴുകാനം സെക്ഷൻ ഫോറസറ്റ് ഓഫിസറും സ്റ്റാഫും ഇടുക്കി വൈൽഡ് ലൈഫ് വാർഡനുമൊത്ത് കട്ടപ്പന ഇടശ്ശേരി ബാറിനു സമീപത്തുള്ള ജംഗ്ഷനിൽ വന്ന് തന്നെ വിളിപ്പിച്ചു എന്നും മഹസ്സറിലും ഫോം 1 ലും താൻ ഒപ്പിട്ടിട്ടില്ല എന്നും മഹസ്സർ ഇപ്പോൾ വേരിഫൈ ചെയ്യണമെന്ന് ആവശ്യപ്പെടുകയും എന്നാൽ താൻ രാവിലെ 11.45നാണ് കിഴുകാനത്ത് എത്തുന്നതെന്നും അതിന്റെ വളരെ മുമ്പ് രാവിലെ 6 മണി മുതൽ 9 മണിവരെ മഹസ്സർ തയ്യാറാക്കി രാവിലെ 9.10 ന് പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണെന്നും കൂടാതെ ഫോം 1 ഉം മൊഴിയും എല്ലാം സെക്ഷൻ ഫോറസറ്റ് ഓഫീസർ താൻ എത്തുന്നതിനു മുമ്പ് തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും കൂടാതെ മഹസ്സറിൽ ഇറച്ചിയുടെ സാമ്പിൾ എടുത്ത് രേഖപ്പെടുത്താനും തിരുത്തൽ നടത്താനും നിർദ്ദേശിച്ചിട്ടും ടിയാൻ കൂട്ടാക്കാതിരിക്കുകയും താൻ എത്തുന്നതിനു മുമ്പ് തയ്യാറാക്കിയ മഹസ്സർ ഫോം 1, മൊഴി, അനുബന്ധ രേഖകൾ മാത്രം കോടതിയിൽ സമർപ്പിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുള്ളതാണെന്ന് വൈൽഡ് ലൈഫ് വാർഡനെ അറിയിച്ചിരുന്നു എന്നും ഈ കേസ്സിന്റെ വസ്തുതയിലും, മഹസ്സർ, അനുബന്ധ രേഖകൾ എന്നിവ തയ്യാറാക്കിയതിലുള്ള വിശ്വാസമില്ലായ്മയും കാരണം താൻ ഈ മഹസ്സർ, ഫോം 1 എന്നിവ വെരിഫൈ ചെയ്തിട്ടില്ലാത്തതുമാണെന്നും, അപ്പോൾ നിങ്ങളുടെ പണി ഞാൻ കളയും എന്നും പറഞ്ഞ് വാർഡൻ തന്നെ ഭീഷണിപ്പെടുത്തിയെന്നും സെക്ഷൻ ഫോറസറ്റ് ഓഫീസറും സ്റ്റാഫും പ്രതിയെ ബഹു. മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി പ്രതിയെ റിമാന്റു ചെയ്തിട്ടുള്ളതാണെന്നും ടിയാൻ പറയുന്നു. തുടർന്ന് ടി കേസ്സിന്റെ അന്വേഷണം ബഹു. ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ഏറ്റെടുത്തതായി അറിയിച്ചതായും 22.09.2022 ലെ എ 234/12/ഒ.ആർ01/2022 കത്തിലെ നിർദ്ദേശ പ്രകാരം റെയിഞ്ചിലെ ഒ.ആർ ഫയൽ തുടരന്വേഷണത്തിനായി വൈൽഡ് ലൈഫ് വാർഡന് 22.09.2022 ന് നിർദ്ദേശ പ്രകാരം ഏൽപ്പിച്ചിരുന്നു എന്നും ആയതിനാൽ ടി കേസ്സ് സംബന്ധിച്ച എൻട്രി ഹ്വാക്ക് മൊഡ്യൂളിൽ ചേർക്കാൻ സാധിച്ചിട്ടില്ല എന്നും പറഞ്ഞിട്ടുള്ളതാണ്. ടി കേസ്സുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും ടി കേസ്സിന്റെ 11.10.2022ന് ശേഷമുള്ള തുടരന്വേഷണ റിപ്പോർട്ടും ഇതോടൊപ്പം സമർപ്പിക്കുന്നു. ടിയാന്റെ മൊഴി **അനുബന്ധം II** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. വി. അനിൽകുമാർ നൽകിയ മൊഴിയിൽ 19.09.2022 വൈകുന്നേരം നാലുമണിയോടുകൂടി തന്റെ ഒരു സ്റ്റാഫിന് ഒരു വോയിസ് മെസ്സേജ് വരികയും അതിൽ വന്യജീവി സങ്കേതത്തിന്റെ ഏതോ ഒരു ഭാഗത്ത് വന്യമൃഗവേട്ട നടന്നതായും വേട്ട നടത്തി കിട്ടിയ കാട്ടിറച്ചി വളകോട് ഉള്ള ഒരാൾക്ക് എത്തിച്ചുനൽകാമെന്നും ടി കാട്ടിറച്ചി പിറ്റേന്ന് പുലർച്ചെ കിഴുകാനം ഫോറസ്റ്റ് ചെക്ക്പോസ്റ്റ് വഴി കടന്നുപോകുന്നുവെന്നും കിട്ടിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ, കിഴുകാനം സെക്ഷൻ ആസ്ഥാനത്ത് വച്ച് 4.20 രാവിലെ ചോറ്റാനിക്കരക്ക് പോകുന്ന ഒരു ജീപ്പ് പരിശോധിച്ച് രാവിലെ 6 മണി കഴിഞ്ഞ് സെക്ഷനിൽ നിന്നും ഇറങ്ങി മെമ്പർ കവല ഭാഗത്ത് വച്ച് പുറകിൽ വന്ന കളിത്തോഴൻ ബസിൽ കാട്ടിറച്ചി കയറ്റിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുള്ളതാണ്. ടി മെമ്പർ കവലയിൽ വച്ചോ, ചെക്ക്പോസ്റ്റിന് മുൻപായോ ടി ബസ് അല്ലാതെ മറ്റ് വാഹനങ്ങൾ ഒന്നും പരിശോധിച്ചിട്ടില്ല. ഇതിന് ശേഷം ചെക്ക്പോസ്റ്റ് കഴിഞ്ഞ് നൂറു

മീറ്റർ മാറി നിൽക്കുകയും ജീപ്പ് മുൻപോട്ട് റെയിഞ്ച് ഉള്ളയിടത്ത് കൊണ്ടുപോയി ഇടാൻ പറയുകയും ബൈക്ക് നേരത്തേ പറഞ്ഞതനുസരിച്ച് ചെക്ക് പോസ്റ്റിന് മുൻപേ നിറുത്തിയിടീക്കുകയും ചെയ്തു. ഉദ്ദേശം രാവിലെ 6 മണിയോടുകൂടി കിഴുകാനം ഭാഗത്തുനിന്നും ചെക്ക് പോസ്റ്റ് കടന്ന് വളകോട് ഭാഗത്തേയ്ക്ക് KL 37 B 4817 നമ്പരായുള്ള മയിൽപ്പീലി എന്ന് പേരുള്ള ഓട്ടോറിക്ഷ എത്തുകയും ടി വാഹനം പരിശോധിച്ചതിൽ ടി വാഹനത്തിന്റെ പാസഞ്ചർ സീറ്റിന്റെ പുറകുവശത്തായി ലഗ്ഗേജ് വയ്ക്കുന്ന സ്ഥലത്ത് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ ഇറച്ചി കണ്ടെത്തുകയും (2 കി.) ഇത് എന്ത് ഇറച്ചിയാണെന്ന് സരുൺ സജിയോട് ചോദിച്ചതിൽ കാട്ടിറച്ചിയാണെന്നും ടിയാന് മുല്ല ഭാഗത്ത് താമസക്കാരായ അപ്പു (സനിൽ), സനോപ്പി (സനോജ്) എന്നിവർ തന്നയച്ചതാണെന്നും കോതപാറയിൽ എത്തുമ്പോൾ ഒരാൾ ഫോൺ വിളിക്കുമെന്നും അയാൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതാണ്. കാട്ടിറച്ചി എന്തിനമാണെന്ന് കണ്ട് മനസ്സിലാകാത്തതിനാലും ഇറച്ചി കടത്തിയ പ്രതിയ്ക്ക് ധാരണ ഇല്ലാത്തതിനാലും ടി ഇറച്ചി ആർക്കാണ് കൊണ്ടുവന്നത് എന്ന് കണ്ടുപിടിക്കേണ്ടതിനാലും ടിയാനെ ഇറച്ചി കസ്റ്റഡിയിൽ എടുത്ത് ബൈക്കിന്റെ നിരീക്ഷണത്തിൽ വളകോട് ഭാഗത്തേയ്ക്ക് വിടുകയും എന്നാൽ നിരീക്ഷണത്തിലായിരുന്നവരുമായുള്ള കാഴ്ചബന്ധം നഷ്ടപ്പെടുകയും അകമ്പടി പോയ ജീവനക്കാർ തിരിച്ചുവരികയും അതേസമയംതന്നെ ടി കാര്യങ്ങളെല്ലാം അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡനെ 7.50 കഴിഞ്ഞ് വിളിച്ചറിയിക്കുകയും വന്യജീവി സങ്കേതത്തിനുള്ളിൽ നടന്ന വേട്ടയായതിനാൽ ഏത് വന്യമൃഗത്തിന്റേതാണെങ്കിലും കേസ് എടുക്കണമെന്ന് തന്നോട് ആവശ്യപ്പെടുകയും ചെയ്തു. സരുൺ സജിയുടെ ഓട്ടോയിൽ നിന്നും ഇറച്ചി പിടിച്ചതറിഞ്ഞ് തങ്ങൾ നിന്ന സ്ഥലത്തേയ്ക്ക് സരുൺ സജിയുടെ അച്ഛനായ സജിമോൻ എത്തുകയും ടിയാനെ കൊണ്ട് ടിയാന്റെ ഫോണിൽ നിന്നും സരുൺ സജിയെ തിരികെ വിളിപ്പിക്കുകയും ടിയാനെ ഉപദ്രവിക്കുകയില്ലായെന്ന് സജിമോന് ഉറപ്പുനൽകുകയും, അതുപ്രകാരം തിരിച്ചെത്തിയ സരുൺ സജിയെ കസ്റ്റഡിയിൽ എടുത്ത് കാട്ടിറച്ചി ഒന്നുകൂടി ബോദ്ധ്യപ്പെടുത്തി ചെക്ക് പോസ്റ്റിന് സമീപത്തുള്ള കെട്ടിടത്തിൽ ഉദ്ദേശം 8.20 മണിയോടുകൂടി എത്തിച്ച് നിയമനടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. തുടർന്ന് ടിയാനെ കസ്റ്റഡിയിൽ എടുത്ത് വാഹനം ഉൾപ്പെടെ സെക്ഷനിൽ എത്തിച്ചിട്ടുള്ളതാണ്. ടിയാനെ കസ്റ്റഡിയിൽ എടുത്ത സമയത്ത് യാതൊരുവിധ ദേഹോപദ്രവവും ഏൽപ്പിച്ചിട്ടില്ലാത്തതാണ്. ജീവനക്കാരായ ലെനിൻ വി.സി, ബി.എഫ്.ഒ. വാച്ചർമാരായ കെ.എൻ മോഹനൻ, ലീലാമണി, കെ.ടി ജയകുമാർ, ഗോപാലകൃഷ്ണൻ എന്നിവരെ കൂട്ടി അന്വേഷണം നടത്തുകയും ടി സനോജിന്റെ പറമ്പിൽ നിന്നും പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ നിലയിൽ വെടിമരുന്ന് എന്ന് തോന്നിക്കുന്ന രണ്ട് ഡപ്പികൾ കണ്ടെടുത്തിട്ടുള്ളതും Explosive Act അനുസരിച്ച് കേസ് എടുക്കാൻ അധികാരം പോലീസിന് ആയതിനാൽ പോലീസിന് റിപ്പോർട്ട് ചെയ്യുന്നതിനും തുടർ നടപടികൾക്കുമായി അസി. വൈൽഡ്‌ലൈഫ് വാർഡനെ ഏൽപ്പിച്ചിട്ടുള്ളതാണ്. മഹസർ വെരിഫിക്കേഷൻനടത്തുവാനും, ഫോം. 1 റിപ്പോർട്ട് തയ്യാറാക്കുവാനും അസി. വൈൽഡ്‌ലൈഫ് വാർഡൻ തന്നോട് നിർദ്ദേശിക്കുകയും, ചെക്ക് ലിസ്റ്റ്, റിമാൻഡ് റിപ്പോർട്ട്, മെഡിക്കൽ എക്സാമിനേഷൻ ആപ്ലിക്കേഷൻ എന്നിവ അസി. വൈൽഡ്‌ലൈഫ് വാർഡൻ ഒപ്പിട്ട് നൽകിയിട്ടുള്ളതാണ്. Explosive Act അനുസരിച്ച് കേസ് എടുക്കേണ്ടത് പോലീസ് ആയതിനാലും എസ്.എച്ച്.ഒ.മാർ സി.ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥർ ആയതിനാലുമാണ് വെടിമരുന്ന് എന്ന് തോന്നിക്കുന്ന 2 ഡപ്പികൾ തുല്യ റാങ്കിലുള്ള അസി. വൈൽഡ്‌ലൈഫ് വാർഡനെ ഏൽപ്പിക്കേണ്ടി വന്നത്. തന്റെ മുൻപിൽ കണ്ട കുറ്റകൃത്യത്തിന് യഥാസമയം മേലധികാരികളുടെ അറിവോടെയും നിർദ്ദേശാനുസരണവും ആണ് താൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഫോറസ്റ്ററുടെ മൊഴിയിൽ പറയുന്നു. ടിയാന്റെ മൊഴി **അനുബന്ധം III** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷൻ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വി സി ലെനിൻ നൽകിയ മൊഴിയിൽ ടിയാൻ കിഴുകാനം സെക്ഷനിൽ ജോലി നോക്കി വരികയാണെന്നും സംഭവ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതായും പറയുന്നു. 19.09.2022 തീയതി വൈകുന്നേരം ഏകദേശം നാല് മണിയോടുകൂടി ടിയാന്റെ പേഴ്സണൽ നമ്പറിലേക്ക് ഒരു കാൾ വന്നതായും ഇടുക്കി വന്യജീവി സങ്കേതത്തിൽ ഏതോ ഒരു സ്ഥലത്ത് വന്യമൃഗ വേട്ട നടന്നതായും ഇങ്ങനെ കിട്ടിയ ഉദ്ദേശം 40 കിലോഗ്രാം കാട്ടിറച്ചി വളകോടുള്ള ഒരാൾക്ക് എത്തിക്കുമെന്നും ഉദ്ദേശം ആറു മണിക്കും ഒൻപത് മണിക്കും ഇടയിൽ വൻമാവ് ചെക്ക്പോസ്റ്റ് വഴി കടന്നുപോകുമെന്നും വിളിച്ചയാൾ പറഞ്ഞതനുസരിച്ച് ടി വിവരം

അപ്പോൾ തന്നെ ഫോറസ്റ്ററെ ധരിപ്പിക്കുകയും തുടർന്ന് രാവിലെ തന്നെ താനും ഫോറസ്റ്ററും മറ്റു സ്റ്റാഫുകളായ ഷിജിരാജ്, ഫോറസ്റ്റ് വാച്ചർ കെ.എൻ മോഹനൻ, ജയകുമാർ, ഡ്രൈവർ ജിമ്മി എന്നിവരുമൊത്ത് ഡിപ്പാർട്ട്മെൻറ് വാഹനത്തിൽ ചെക്ക്പോസ്റ്റ് കടന്ന് കിഴുകാനം-വളകോട് റോഡിൽ വൻമാവ് ഭാഗത്ത് 100 മീറ്റർ മാറി കാത്തുനിന്നുവെന്നും പറയുന്നു. ഉദ്ദേശം ആറു മണിയോടുകൂടി കെ.എൽ 37 എ 4817 നമ്പർ ഓട്ടോറിക്ഷ എത്തിയതായും വാഹനത്തിന്റെ പാസഞ്ചർ സീറ്റിനു പുറക് വശത്ത് ലഗേജ് വയ്ക്കുന്ന ഭാഗത്ത് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ ഏകദേശം 2 കിലോയോളം വരുന്ന കാട്ടിറച്ചി കാണപ്പെട്ടതായും ടിയാൻ പറയുന്നു. തുടർന്ന് ഓട്ടോറിക്ഷയുടെ ഡ്രൈവറായ സരുൺ സജിയോട് അന്വേഷിച്ചപ്പോൾ മുല്ലയിൽ താമസക്കാരായ സനിൽ, സനോജ് എന്നിവർ പറഞ്ഞതനുസരിച്ച് വളകോട് ഭാഗത്തേക്ക് കൊണ്ടുപോവുകയാണെന്നും വളകോട് എത്തുമ്പോൾ ഒരാൾ ഫോണിൽ വിളിക്കുമെന്നും അയാൾക്ക് ഇറച്ചി കൈമാറണമെന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും പറഞ്ഞതായി ടിയാൻ പറയുന്നു. തുടർന്ന് ഇറച്ചി കസ്റ്റഡിയിൽ എടുത്ത ശേഷം ആർക്കാണ് ടി ഇറച്ചി കൊടുക്കുന്നതെന്നറിയാൻ വേണ്ടി സ്റ്റാഫുകളുടെ നിരീക്ഷണത്തിൽ ടി ഓട്ടോറിക്ഷ പോകാൻ അനുവദിക്കുകയും എന്നാൽ വഴി മദ്ധ്യേ അദ്ദേഹത്തെ കാണാതായ സമയത്ത് ഫോൺ മുഖാന്തിരം തിരിച്ചു വിളിക്കുകയുമാണുണ്ടായതെന്നും ടിയാൻ പറയുന്നു. തുടർന്ന് ഓട്ടോറിക്ഷ ഡ്രൈവറായ സരുൺ സജിയെ ചെക്ക്പോസ്റ്റിലെത്തിച്ച് ദേഹപരിശോധന നടത്തി അറസ്റ്റ് രേഖപ്പെടുത്തിയെന്നും ദേഹപരിശോധനയിൽ ലഭിച്ച ടിയാന്റെ ഫോൺ, പേഴ്സ്, വാച്ച് മുതലായ വസ്തുക്കൾ സെക്ഷനിൽ സൂക്ഷിപ്പിലാണെന്നും സെക്ഷനിൽ വച്ച് ഇറച്ചിയുടെ സാമ്പിൾ എടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്നും ടിയാന്റെ മൊഴിയിൽ പറയുന്നു. തുടർന്ന് പ്രതിയായ സരുൺ സജിയെ സെക്ഷനിൽ നിർത്തിയ ശേഷം ടിയാന്റെ കൂട്ടു പ്രതികളായ സനിൽ, സനോജ് എന്നിവരുടെ വീടുകളിൽ അന്വേഷിച്ചെങ്കിലും ടിയാന്മാർ ഒളിവിൽ പോയതിനാൽ കണ്ടെത്താൻ സാധിച്ചില്ലെന്നും തിരികെ സെക്ഷനിലെത്തിയപ്പോൾ അവിടെ മീഡിയക്കാർ ഉണ്ടായിരുന്നതായും അവരെ ആരാണ് സംഭവത്തെപ്പറ്റി അറിയിച്ചതെന്ന് തനിക്കറിയില്ലെന്നും ടിയാൻ പറയുന്നു. തങ്ങൾ മറ്റു പ്രതികളെ അന്വേഷിച്ച് ഉദ്ദേശം പത്തരയോടു കൂടിയാണ് സെക്ഷനിൽ മടങ്ങിയെത്തിയതെന്നും ആ സമയം റെയിഞ്ചാഫീസർ സെക്ഷനിലുണ്ടായിരുന്നതായും തുടർന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രതിയെ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കുകയും ചെയ്തതായും ടിയാൻ പറയുന്നു. ബഹു: കോടതിയിൽ നിന്നും സെർച്ച് വാറണ്ട് വാങ്ങി പ്രതികളുടെ വീട്ടിൽ പരിശോധന നടത്തിയെങ്കിലും ടിയാന്മാരെയോ മറ്റു തൊണ്ടിവകകളോ കിട്ടിയിട്ടില്ലെന്നും, തുടർന്ന് ടി കേസുമായി ബന്ധപ്പെട്ട് രണ്ട് രാഷ്ട്രീയ പാർട്ടികളും ഒരു സമുദായ സംഘടനയും സമരം നടത്തുകയുണ്ടായി. സത്യസന്ധമായി കേസ് അന്വേഷിച്ച ഉദ്യോഗസ്ഥരെ മോശമായി ചിത്രീകരിക്കുകയും മാനസികമായി തളർത്തുകയുമായിരുന്നു ഇവരുടെ ഉദ്ദേശം. ഈ കേസിൽ പ്രതി സ്ഥാനത്തുള്ള സനോജ് 2018 ൽ ഒരു തോക്കു കേസിൽ ഉൾപ്പെട്ടിരുന്നയാളായിരുന്നുവെന്നും എന്നാൽ അന്തിമ ചാർജ്ജ് ലിസ്റ്റിൽ നിന്ന് എങ്ങിനെയോ ഒഴിവായിട്ടുള്ളതാണെന്നും ഈ കേസുമായി ബന്ധപ്പെട്ട് സെക്ഷൻ സ്റ്റാഫിനെ ഭീഷണിപ്പെടുത്തിയിട്ടുള്ള ടിയാൻ പോലീസ് കേസുകളിലും ഉൾപ്പെട്ടിട്ടുള്ള ആളാണെന്നും പറഞ്ഞിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം IV** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷനിൽ വാച്ചറായി ജോലി നോക്കി വരുന്ന കെ എൻ മോഹനൻ നൽകിയ മൊഴിയിൽ ടിയാൻ കഴിഞ്ഞ എട്ടു വർഷത്തോളമായി ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്വറിയിൽ വാച്ചറായി ജോലി നോക്കി വരികയാണെന്നും ഇപ്പോൾ ഒരു വർഷമായി കിഴുകാനം സെക്ഷനിലാണ് ജോലി നോക്കി വരുന്നതെന്നും സംഭവദിവസം താൻ ഡ്യൂട്ടിയിലുണ്ടായിരുന്നതായും ടിയാൻ പറയുന്നു. 20.09.2022 രാവിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ അനിൽകുമാർ മുല്ല ഭാഗത്തു നിന്നും ചില ആളുകൾ ഓട്ടോറിക്ഷയിൽ കാട്ടിറച്ചിയുമായി വരാൻ സാധ്യതയുണ്ടെന്ന് പറഞ്ഞതനുസരിച്ച് ടിയാനും ഫോറസ്റ്ററും മറ്റു സെക്ഷൻ സ്റ്റാഫുകളായ ബി എഫ് ഓ ലെനിൻ, ഷിജിരാജ് വാച്ചർ ജയകുമാർ എന്നിവരുമൊന്നിച്ച് ഡിപ്പാർട്ട്മെൻറ് ജീപ്പിൽ വൻമാവ് ഭാഗത്തേക്ക് പോവുകയും വൻമാവ് ചെക്ക്പോസ്റ്റ് കടന്ന് നൂറു മീറ്റർ മാറി ഉദ്ദേശം 5:45 മുതൽ അവിടെ റോഡിൽ കാത്തു നിന്നതായും പറയുന്നു. ഉദ്ദേശം 8 മണിയോടുകൂടി മുല്ല ഭാഗത്തു താമസിക്കുന്ന സരിൻ എന്നയാളുടെ പിതാവ് പണിക്ക് പോകുന്നതിനായി കിഴുകാനം ഭാഗത്തു നിന്ന് ജീപ്പിൽ അവിടെ എത്തുകയും തങ്ങളെ കണ്ട് ജീപ്പ് നിർത്തിയപ്പോൾ സരിന്റെ അച്ഛൻ ഇറങ്ങി വന്നെന്നും അദ്ദേഹത്തെക്കൊണ്ട് ഫോറസ്റ്റർ സരിനെ

ഫോണിൽ വിളിപ്പിക്കുകയും ഉദ്ദേശം 9 മണിയോടുകൂടി സരിൻ ഓട്ടോയുമായി വരികയും ടിയാന്മാർ എല്ലാവരും ചേർന്ന് ഓട്ടോ പരിശോധിച്ചപ്പോൾ പിൻ സീറ്റിന്റെ പുറകിൽ നിന്ന് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിൽ ഉദ്ദേശം 2 കിലോഗ്രാം കാട്ടിറച്ചി കണ്ടെത്തിയതായും അവിടെ വച്ച് മഹസർ തയ്യാറാക്കുകയും, വണ്ടിയും ഡ്രൈവറായ സരിനേയും കിഴുകാനം സെക്ഷനിലേക്ക് കൊണ്ടുപോയതായും ടിയാൻ പറയുന്നു. തുടർന്ന് സരിൻ പറഞ്ഞു തന്ന മറ്റു പ്രതികളെ അന്വേഷിച്ച് താനും ഫോറസ്റ്ററും ലെനിൻ ബി എഫ് ഓ യും ജയകുമാറും ചേർന്ന് മുല്ല ഭാഗത്ത് പോയി അന്വേഷിച്ചെങ്കിലും ആരെയും കണ്ടുകിട്ടാത്തതിനാൽ കിഴുകാനം സെക്ഷൻ ഓഫീസിലേക്ക് തിരികെ വന്നുവെന്നും തങ്ങൾ ഓഫീസിൽ എത്തിയതിനു ശേഷം ഉദ്ദേശം പതിനൊന്നരയോടുകൂടി റെയിഞ്ചാഫീസർ സെക്ഷനിൽ എത്തിയതായും ടിയാൻ പറയുന്നു. തങ്ങൾ രാവിലെ പ്രതിയുമായി സെക്ഷനിൽ എത്തിയപ്പോൾ അവിടെ പത്രക്കാരും ചാനലുകാരും ഉണ്ടായിരുന്നുവെന്നും വൈകുന്നേരം പ്രതിയെ കോടതിയിൽ കൊണ്ടുപോയപ്പോൾ താനും കൂടെ പോയിരുന്നതായും മറ്റും ടിയാൻ പറഞ്ഞിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം V** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷനിലെ ഫോറസ്റ്റ് വാച്ചറായ പി. കെ ഭാസ്കരൻ നൽകിയ മൊഴിയിൽ താൻ കഴിഞ്ഞ 3 വർഷമായി ഇടുക്കി വന്യജീവി സങ്കേതത്തിൽ വാച്ചറായി ജോലി ചെയ്തു വരികയാണെന്നും മൂന്ന് വർഷമായി വൻമാവ് ചെക്ക്പോസ്റ്റിലാണ് തനിക്ക് ഡ്യൂട്ടിയെന്നും വൈകുന്നേരം 5 മണിമുതൽ പിറ്റേന്ന് രാവിലെ എട്ടര വരെയുളള ഡ്യൂട്ടിയാണ് താൻ എടുക്കുന്നതെന്നും 19.09.2022 വൈകിട്ട് 5 മണി മുതൽ 20.09.2022 വൈകിട്ട് വരെ താൻ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നും 20.09.2022 തീയതി രാവിലെ 05.30 സമയത്ത് ഗോപാലകൃഷ്ണനായിരുന്നു ഡ്യൂട്ടിയിൽ എന്നും ഈ സമയം താൻ പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിനായി പോയതിനാൽ സ്ഥലത്ത് ഇല്ലായിരുന്നു എന്നും ടിയാൻ പറയുന്നു. ഗോപാലകൃഷ്ണൻ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നപ്പോളാണ് സരുൺ ഓടിച്ച മയിൽപീലി എന്നു പേരുളള ഓട്ടോറിക്ഷ ചെക്ക് പോസ്റ്റുവഴി കട്ടപ്പന ഭാഗത്തേയ്ക്കു പോയതെന്നും. ഉദ്ദേശം 6 മണിയോടുകൂടി വാച്ചറായ മോഹനനും ലെനിൻ സാറും കൂടി ബൈക്കിൽ വളകോട് ഭാഗത്തേക്ക് പോകുന്നത് താൻ കണ്ടിരുന്നു എന്നും മോഹനൻ ആണ് ബൈക്ക് ഓടിച്ചിരുന്നതെന്നും ഉദ്ദേശം രാവിലെ 8.20 ഓടു കൂടി ഫോറസ്റ്ററും സ്റ്റാഫും കൂടി വളകോട് ഭാഗത്തുനിന്നും സരുണിനേയും ഓട്ടോയും പിടിച്ചുകൊണ്ട് ചെക്ക് പോസ്റ്റ് ഭാഗത്ത് വന്ന ശേഷം സമീപത്ത് മുകളിലായുളള കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയത് താൻ കണ്ടിരുന്നു എന്നും 5 മിനിട്ട് കഴിഞ്ഞ് കിഴുകാനം ഓഫീസിലേയ്ക്ക് ഫോറസ്റ്റ് ഡ്രൈവർ ജിമ്മി പിടിച്ചെടുത്ത ഓട്ടോ ഓടിച്ചു കൊണ്ടുപോവുകയും, പുറകിൽ ഡിപ്പാർട്ടുമെന്റ് വണ്ടിയിൽ ഫോറസ്റ്ററും സ്റ്റാഫും കൂടി സരുണിനെയും കൊണ്ട് കിഴുകാനം ഭാഗത്തേയ്ക്ക് പോകുന്നത് താൻ കണ്ടതാണ് എന്നും ഈ സമയം വാഹനം നിർത്തി സ്റ്റാഫുകൾ ആരും തന്നോട് ഒന്നും പറഞ്ഞിരുന്നില്ല എന്നും 9 മണിയോടുകൂടി ജയൻ എന്ന പത്ര പ്രവർത്തകനും കൂടെ ഒരാളും ബൈക്കിൽ കിഴുകാനം ഓഫീസിലേക്കാണെന്ന് പറഞ്ഞ് കടന്നു പോയതായും, ഈ കേസിൽ പ്രതിയായ സരുണിനെ തനിക്ക് നേരിട്ട് അറിയാവുന്നതാണ് എന്നും പി.കെ. ഭാസ്കരൻ എന്ന ഫോറസ്റ്റ് വാച്ചർ പറഞ്ഞു തന്നിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം VI** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷനിൽ ഫോറസ്റ്റ് വാച്ചറായ ശ്രീ. കെ.റ്റി. ജയകുമാർ നൽകിയ മൊഴിയിൽ ടിയാൻ കഴിഞ്ഞ 8 വർഷമായി കിഴുകാനം സെക്ഷനിൽ ഫോറസ്റ്റ് വാച്ചറായി ജോലി നോക്കിവരികയാണെന്നും 19/09/2022 തീയതി വൈകിട്ട് കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. അനിൽകുമാർ സെക്ഷൻ സ്റ്റാഫുകളോട് തനിക്ക് ഒരു രഹസ്യവിവരം കിട്ടിയിട്ടുണ്ടെന്നും നാളെ രാവിലെ (20.09.2022) 6 മണിയോടുകൂടി എല്ലാവരും തയ്യാറായി നിൽക്കണമെന്നും പറഞ്ഞതനുസരിച്ച് രാവിലെ തന്നെ സെക്ഷനിലെത്തുകയും ആറുമണിയോടുകൂടി താനും കൂട്ടു സ്റ്റാഫായ കെ.എൻ.മോഹനനും ചേർന്ന് ബൈക്കിൽ വൻമാവ് ചെക്ക് പോസ്റ്റ് ഭാഗത്തേയ്ക്ക് പോകുകയും ആ സമയത്ത് ചെക്ക് പോസ്റ്റിൽ ഫോറസ്റ്റ് വാച്ചർ ഭാസ്കരനും താൽക്കാലിക വാച്ചറായ ഗോപാലകൃഷ്ണനും ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്നും രഹസ്യവിവരത്തെപ്പറ്റി ആരോടും പറയരുതെന്ന് നിർദ്ദേശം നൽകിയിരുന്നതിനാൽ തങ്ങൾ ചെക്ക് പോസ്റ്റ് കടന്ന് ഉദ്ദേശം നൂറു മീറ്റർ മാറിയാണ് നിന്നിരുന്നത് എന്നും ആ സമയത്ത് ഫോറസ്റ്റർ അനിൽകുമാർ സാറും സെക്ഷനിലെ മറ്റ്

സ്റ്റാഫുകളും ചെക്ക് പോസ്റ്റിലൂടെ നടന്നുവന്ന് തങ്ങളോടൊപ്പം ചേർന്നുവെന്നും കുറച്ചുസമയം കഴിഞ്ഞപ്പോൾ കിഴുകാനം ഭാഗത്തുനിന്ന് വന്ന മയിൽപീലി എന്ന് പേരുള്ള ഓട്ടോറിക്ഷ ചെക്ക് പോസ്റ്റ് കടന്നുവരികയും തങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കുകയും ചെയ്തുവെന്നും ഓട്ടോറിക്ഷ ഓടിച്ചിരുന്നത് മുല്ലഭാഗത്ത് താമസക്കാരനായ സരുൺ എന്നയാളാണെന്നും വാഹനം പരിശോധിച്ചതിൽ പിൻസീറ്റിന്റെ പുറകുവശത്തായി ഒളിപ്പിച്ചുവച്ചിരുന്ന നീല പ്ലാസ്റ്റിക് കവർ പരിശോധിച്ചപ്പോൾ അതിൽ കാട്ടിറച്ചിയാണെന്ന് മനസ്സിലാകുകയും കസ്റ്റഡിയിൽ എടുക്കുകയും ചെയ്തുവെന്നും എങ്ങോട്ടാണ് കൊണ്ടുപോകുന്നത് എന്ന് ചോദിച്ചപ്പോൾ മുല്ലഭാഗത്ത് താമസക്കാരായ സനോപ്പി, അപ്പു എന്നിവർ കോതപാറ ഭാഗത്ത് ചിലർക്ക് കൊടുക്കാനായി തന്നയച്ചതാണെന്നും കോതപാറയിൽ എത്തുമ്പോൾ ഒരാൾ ഫോൺ വിളിക്കുമെന്നും അയാൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പറഞ്ഞതായി ടിയാൻ മൊഴി നൽകിയിട്ടുള്ളതാണ്. തുടർന്ന് കാട്ടിറച്ചി വാങ്ങാൻ വരുന്നത് ആരാണെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ടി ഓട്ടോ കോതപാറ ഭാഗത്തേയ്ക്ക് പോകാൻ അനുവദിക്കുകയും താനും മോഹനനും കൂടി ബൈക്കിൽ ഓട്ടോയെ പിൻതുടരുകയും എന്നാൽ കുറച്ചുകഴിഞ്ഞപ്പോൾ ഓട്ടോ എങ്ങോട്ടാണ് പോയതെന്ന് കണ്ടെത്താൻ കഴിയാതെ വരികയും ടി വിവരം തിരികെ എത്തി ഫോറസ്റ്ററോട് പറയുകയും തുടർന്ന് താനും ഫോറസ്റ്ററും ലെനിനും മോഹനനും ജിമ്മിയും തിരികെ കിഴുകാനം ഓഫീസിൽ എത്തുകയും അപ്പോൾ സമയം ഉദ്ദേശം 07.45 ആയിരുന്നു. ആ സമയം സരുണിന്റെ അച്ഛൻ സജി ജീപ്പിൽ ഓഫീസിൽ വന്നിരുന്നു. തുടർന്ന് ഫോറസ്റ്റർ പറഞ്ഞതുപ്രകാരം സജി മകനായ സരുണിനെ വിളിച്ച് ഒരു കേസ് ഉണ്ടെന്നും ഉടൻ തന്നെ ഓഫീസിൽ വരണമെന്നും പറഞ്ഞു. തുടർന്ന് തങ്ങൾ (കെ.ടി. ജയകുമാർ, ഫോറസ്റ്റർ അനിൽകുമാർ, മോഹനൻ, ലീലാമണി, ഗോപാലകൃഷ്ണൻ, ഡ്രൈവർ ജിമ്മി) സരുണിനെ തിരക്കി ചെക്ക്പോസ്റ്റ് ഭാഗത്തേയ്ക്ക് പോയതായും കുറച്ചുസമയം കഴിഞ്ഞ് സരുൺ വളകോട് ഭാഗത്തുനിന്നും വരുന്നത് കാണുകയും സരുണിനെയും ഓട്ടോയും പിടികൂടി കിഴുകാനം ഓഫീസിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തതായും സരുൺ പറഞ്ഞതനുസരിച്ച് സനോപ്പിയുടെയും അപ്പുവിന്റെയും മുല്ലഭാഗത്തുള്ള വീട്ടിൽ അവരെ അന്വേഷിച്ച് പോയിരുന്നു എങ്കിലും വീട് പൂട്ടിക്കിടന്നിരുന്നതിനാൽ തിരിച്ചുപോന്നു എന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം VII** ആയി ചേർക്കുന്നു.

ഇടുക്കി മരിയാപുരം പഞ്ചായത്തിൽ നായരുപാറ ഭാഗത്ത് താമസക്കാരനായ ശ്രീനിലയം വീട്ടിൽ കരുണാകരൻ നായർ മകൻ ഗോപാലകൃഷ്ണൻ നൽകിയ മൊഴിയിൽ ടിയാൻ 27 വർഷമായി വൈൽഡ്‌ലൈഫ് ഡിവിഷനിൽ താൽക്കാലിക വാച്ചറായി ജോലി നോക്കിവരികയാണെന്നും ഏകദേശം ഒന്നരവർഷമായി വൻമാവ് ചെക്ക്പോസ്റ്റിൽ ജോലി ചെയ്യുന്നുവെന്നും വൈകിട്ട് 6 മണിമുതൽ രാവിലെ 6 മണിവരെയുള്ള നൈറ്റ് ഡ്യൂട്ടിയാണ് ചെയ്യുന്നതെന്നും ഡ്യൂട്ടിസമയത്ത് കിഴുകാനത്തെ സ്റ്റാഫും ഉണ്ടാകാറുണ്ടെന്നും 20.09.2022-ന് രാവിലെ 5.30-ന് മുല്ല ഭാഗത്തുള്ള സരുൺ മയിൽപീലി എന്ന ഓട്ടോറിക്ഷയിൽ കിഴുകാനം ഭാഗത്ത് നിന്നും വരികയും ടിയാനോട് അന്വേഷിച്ചതിൽ കട്ടപ്പന ഭാഗത്തേയ്ക്ക് പോവുകയാണെന്ന് പറയുകയും വാഹനത്തിന്റെ നമ്പരും പോകുന്ന സ്ഥലവും രജിസ്റ്ററിൽ രേഖപ്പെടുത്തി ടിയാനെ പോകാൻ അനുവദിക്കുകയും ചെയ്തു എന്നും ടിയാനെ മുൻപരിചയം ഉള്ളതിനാൽ സംശയം തോന്നാത്തതിനാലുമാണ് താൻ വാഹനം പരിശോധിക്കാതെ കടത്തി വിട്ടതെന്നും രജിസ്റ്ററിൽ ഓട്ടോറിക്ഷ കടന്നുപോയ സമയം രാവിലെ 4.20 എന്ന് രേഖപ്പെടുത്തിയത് ആരാണെന്ന് തനിക്കറിയില്ലായെന്നും ഓട്ടോ പോയ ശേഷം കുറച്ച് കഴിഞ്ഞ് കിഴുകാനം സെക്ഷൻ സ്റ്റാഫുകളായ മോഹനനും മറ്റൊരാളും കൂടി ബൈക്കിൽ ചെക്ക് പോസ്ററിൽ വരികയും ടി ഓട്ടോ എപ്പോൾ കടന്നുപോയി എന്ന് അന്വേഷിക്കുകയും, വളകോട് ഭാഗത്തേയ്ക്ക് പോവുകയും ചെയ്തു എന്നും പോകുമ്പോൾ പുറകിൽ ഇരുന്ന ആൾ ഫോണിൽ വിളിച്ച് നീ എവിടെയെത്തി, എപ്പോൾ തിരിച്ചുവരും തിരികെ എത്താറായോ എന്നിങ്ങനെ ചോദിക്കുന്നത് കേട്ടുവെന്നും ടി ഓട്ടോറിക്ഷാ ഡ്രൈവറെയാണ് വിളിക്കുന്നതെന്ന് തനിക്ക് മനസ്സിലായെന്നും ടിയാൻ തിരികെ വന്നാൽ കടന്നുപോകാൻ അനുവദിക്കരുതെന്ന് തന്നോട് പറഞ്ഞു എന്നും ടിയാൻ പറഞ്ഞു തരുന്നു. ഉദ്ദേശം 8.30 മണിയോടു കൂടി വളകോട് ഭാഗത്തുനിന്നും ഡിപ്പാർട്ട്മെന്റ് ജീപ്പും മയിൽപീലി എന്ന ഓട്ടോയും ചെക് പോസ്റ്റിൽ എത്തി. ജീപ്പിൽ ബി.എഫ്.ഒ. ലെനിൻ, വാച്ചർ ജയകുമാറും ഉണ്ടായിരുന്നു. ഫോറസ്റ്റർ ആണ് ജീപ്പ് ഓടിച്ചിരുന്നത്. ഫോറസ്റ്റ് ഡ്രൈവറായ ജിമ്മിയാണ് ഓട്ടോ

ഓടിച്ചുകൊണ്ടുവന്നത്. സരുണിനെ ചെക്ക്പോസ്റ്റിനോട് ചേർന്നുള്ള കെട്ടിടത്തിൽ കൊണ്ടുവന്ന ശേഷം കുറച്ചുകഴിഞ്ഞ് കിഴുകാനം സെക്ഷൻ ഓഫീസിലേയ്ക്ക് കൊണ്ടുപോയി. ടിയാനും സെക്ഷൻ ഓഫീസിലേയ്ക്ക് പോയതായും തുടർന്ന് ഫോറസ്റ്റർ പറഞ്ഞ പ്രകാരം സ്റ്റാഫും ഫോറസ്റ്ററും കൂട്ടുപ്രതികളെ അന്വേഷിച്ച് ടിയാന്മാരുടെ വീടുകളിൽ പോവുകയും ചെയ്തിട്ടുള്ളതാണെന്നും, സരുണിന്റെ ഓട്ടോറിക്ഷയിൽ കാട്ടിറച്ചി കടത്തിയതിനാണ് പിടികൂടിയതെന്നാണ് സ്റ്റാഫ് തന്നോട് പറഞ്ഞതെന്നും പിടിച്ചെടുത്ത കാട്ടിറച്ചി സെക്ഷൻ ഓഫീസിൽ ചെന്നപ്പോഴാണ് താൻ കാണുന്നതെന്നും ടിയാൻ പറഞ്ഞു തന്നിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം VIII** ആയി ചേർക്കുന്നു.

കിഴുകാനം സെക്ഷനിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ജിമ്മി ജോസഫ് നൽകിയ മൊഴിയിൽ ടിയാൻ ഒന്നര വർഷത്തോളമായി കിഴുകാനം സെക്ഷനിൽ ഡ്രൈവറായി ജോലി നോക്കി വരികയാണെന്നും സംഭവ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്നതായും പറയുന്നു. അന്നേ ദിവസം രാവിലെ 6.05 ന് കിഴുകാനം സെക്ഷൻ ഫോറസ്റ്ററുടെ നിർദേശാനുസരണം ഡിപ്പാർട്ടമെന്റ് വാഹനത്തിൽ അദ്ദേഹവും സ്റ്റാഫുകളായ ലെനിൻ, വാച്ചർ മോഹനൻ എന്നിവരുമൊത്ത് വൻമാവ് ചെക്പോസ്റ്റ് കടന്ന് പാലത്തിന്റെ അടുത്തായി എത്തിയതായും തുടർന്ന് ഫോറസ്റ്ററെയും സ്റ്റാഫുകളെയും അവിടെയിറക്കുകയും തന്നോട് മൊബൈൽ റെയിഞ്ചുള്ളിടത്ത് മാറി നില്ക്കാൻ നിർദേശിച്ചതനുസരിച്ച് വൻമാവിൽ നിന്നും കോതപാറക്കു പോകുന്ന വഴിയിലുള്ള മുകൾഭാഗത്തെ റിസോർട്ടിനടുത്ത് കാത്തു നിന്നതായും പറയുന്നു. രാവിലെ സെക്ഷനിൽ നിന്നും പോരുന്ന വഴി മെമ്പർ കവലയിൽ എത്തിയപ്പോൾ കണ്ണമ്പടിയിൽ നിന്നും കട്ടപ്പനയ്ക്കു സർവീസ് നടത്തുന്ന കളിത്തോഴൻ എന്ന പ്രൈവറ്റ് ബസ് യാത്രക്കാരെ കയറ്റുവാൻ നിർത്തിയപ്പോൾ ഫോറസ്റ്ററും കൂടെയുണ്ടായിരുന്ന സ്റ്റാഫും ബസ്സിൽ കയറി പരിശോധന നടത്തിയതായും അന്നേ ദിവസം രാവിലെ മറ്റു വാഹനങ്ങൾ ഒന്നും തന്നെ പരിശോധിച്ചിരുന്നില്ലായെന്നും ടിയാൻ പറയുന്നു. 8:30 ന് കോതപാറ ഭാഗത്ത് നിൽക്കുമ്പോൾ ഫോറസ്റ്റർ അനിൽകുമാർ ഫോണിൽ വിളിച്ച് ഇറച്ചി പിടിച്ചിട്ടുണ്ടെന്നും ചെക്ക്പോസ്റ്റിലേക്ക് എത്താനും നിർദേശിച്ചതനുസരിച്ച് ചെക്ക്പോസ്റ്റിലെത്തിയപ്പോൾ ഒരു ഓട്ടോറിക്ഷയും ഒരാളെയും ഫോറസ്റ്ററും സ്റ്റാഫും പിടിച്ചു വച്ചിരിക്കുന്നതായും ജീപ്പിലേക്ക് പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിലുള്ള ഇറച്ചി വയ്ക്കുകയും തന്നോട് ഓട്ടോറിക്ഷയുമായി സെക്ഷനിലേക്ക് വരാനും നിർദേശിച്ചു എന്നും, തുടർന്ന് ഓട്ടോറിക്ഷയുമായി വാച്ചർമാരായ ലീലാമണി, ഗോപാലകൃഷ്ണൻ എന്നിവരുമൊത്ത് ഒൻപത് മണിയോടുകൂടി കിഴുകാനം സെക്ഷനിൽ എത്തിയതായും ആ സമയം സെക്ഷനിൽ സ്റ്റാഫും വാച്ചർമാരും മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ടിയാൻ പറയുന്നു. ഉദ്ദേശം പത്തരയോടുകൂടി മറ്റു പ്രതികളെ പിടികൂടുവാൻ മുല്ല ഭാഗത്തേക്ക് പോകണമെന്ന് ഫോറസ്റ്റർ ആവശ്യപ്പെട്ടപ്രകാരം താൻ ജീപ്പെടുക്കുകയും കൂടെ ഫോറസ്റ്ററും ലീലാമണി, ലെനിൻ, മോഹനൻ, ജയകുമാർ എന്നിവരും ഉണ്ടായിരുന്നതായും മുല്ല ഭാഗത്തെ സനോപ്പിയുടെ വീടിന്റെ താഴെ റോഡിൽ വണ്ടിയുമായി കാത്തു കിടന്നതായും ഏകദേശം ഒരു മണിക്കൂറിനു ശേഷം സ്റ്റാഫും ഫോറസ്റ്ററും തിരികെ എത്തിയതായും ആളെ കിട്ടിയില്ലെന്നും തിരികെ സെക്ഷനിലേക്കു പോകാമെന്നും പറഞ്ഞതനുസരിച്ച് തങ്ങൾ തിരികെ സെക്ഷനിലെത്തുകയും ചെയ്തതായും ടിയാൻ പറഞ്ഞു തരുന്നു. തിരികെയെത്തുമ്പോൾ സെക്ഷന് പുറത്ത് റോഡിൽ റെയിഞ്ചാഫീസറും, ചാനലുകാരും, നാട്ടുകാരും നിൽക്കുന്നുണ്ടായിരുന്നുവെന്നും ശേഷം വൈകുന്നേരം പ്രതിയെ കട്ടപ്പന കോടതിയിൽ ഹാജരാക്കുവാനായി കൊണ്ടുപോയപ്പോൾ ജീപ്പ് ഓടിച്ചിരുന്നത് താനായിരുന്നുവെന്നും ടിയാൻ പറഞ്ഞു തന്നിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം IX** ആയി ചേർക്കുന്നു.

മേൽ പരാതിയുമായി ബന്ധപ്പെട്ട് ഉപ്പുതറ വില്ലേജിൽ മുല്ല കരയിൽ പൊട്ടനാനിക്കൽ വീട്ടിൽ സദാനന്ദൻ മകൻ ശ്രീ. സനിൽ കുമാർ പി.എസ് എന്നയാളോട് അന്വേഷിച്ചതിൽ താൻ ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷനിൽ കിഴുകാനം സെക്ഷനിൽ താൽക്കാലിക വാച്ചറായി രണ്ടര വർഷമായി ജോലി ചെയ്തുവരികയാണ്. 20.09.2022-ൽ ടിയാൻ കിഴുകാനം സെക്ഷൻ ഓഫീസിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു എന്നും 19.09.2022-ൽ കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. അനിൽകുമാർ തങ്ങളോട് തനിക്ക് ഒരു രഹസ്യവിവരം കിട്ടിയിട്ടുണ്ടെന്നു പറയുകയും തുടർന്ന്

രാവിലെ 3.30 മണിയോടുകൂടി ഫോറസ്റ്ററും ലെനിൻ, വാച്ചർ കെ.എൻ. മോഹനൻ, സന്തോഷും കൂടെ ഡിപ്പാർട്ട്മെന്റ് ജീപ്പിൽ വാഹനപരിശോധനയ്ക്കായി മെമ്പർകവല ഭാഗത്ത് പോയിരുന്നു എന്നും ജീപ്പ് ഓടിച്ചിരുന്നത് ഡ്രൈവർ ജിമ്മി ആയിരുന്നെന്നും ഏകദേശം 5.45 കഴിഞ്ഞപ്പോൾ മുല്ലയിൽ താമസിക്കുന്ന സരുൺ അയാളുടെ സ്വന്തം ഓട്ടോയിൽ മെമ്പർ കവല ഭാഗത്ത് എത്തിയിരുന്നുവെന്നും ഫോറസ്റ്ററും തങ്ങളും ചേർന്ന് മയിൽപ്പീലി എന്ന് പേരുള്ള ഓട്ടോ പരിശോധിച്ച ശേഷം കടത്തിവിട്ടിരുന്നു എന്നും ഓട്ടോയിൽ നിന്നും ഒരു സാധനവും കണ്ടെടുത്തിരുന്നില്ല. സരുൺ തന്റെ സ്ഥലവാസിയും സഹൃത്തും കൂടെ പഠിച്ച ആളുമാണെന്നും ഓട്ടോ പോയ ശേഷം തങ്ങൾ എല്ലാവരും കൂടി ജീപ്പിൽ കണ്ണംപടി ഭാഗത്തേയ്ക്ക് പോയി. ഇതിന് കുറച്ച് സമയം മുമ്പ് കളിത്തോഴൻ എന്ന് പേരുള്ള പ്രൈവറ്റ് ബസും പരിശോധിച്ചിരുന്നു. ബസിൽ നിന്നും യാതൊന്നും കണ്ടെത്തിയില്ല. കണ്ണംപടിയിൽ നിർത്തിയ ശേഷം ആ ഭാഗത്തുള്ള കുന്നുംപുറം മധുവിന്റെ വീട്ടിൽ ഫോറസ്റ്റർക്കൊപ്പം എത്തുകയും അവിടെയുണ്ടായിരുന്ന മധുവിനോട് അവിടെ കാട്ടിറച്ചി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ചോദിക്കുകയും തങ്ങൾ ഇറച്ചി വാങ്ങാറില്ലായെന്ന് മധു ഫോറസ്റ്ററോട് പറയുകയും ചെയ്തു. തന്റെ വീട്ടിൽ കാട്ടിറച്ചി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ കയറി നോക്കുവാൻ മധുവും ഭാര്യയും ഫോറസ്റ്ററോട് പറയുകയും എന്നാൽ വീട്ടിൽ കയറി പരിശോധന നടത്താതെ അവിടെ നിന്നും തങ്ങൾ എല്ലാവരും ഉദ്ദേശം 100 മീറ്റർ അകലെയുള്ള ഈന്തനാൽ ലാലു എന്നയാളിന്റെ വീട്ടിൽ എത്തുകയും അവിടെ കാട്ടിറച്ചി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ചോദിക്കുകയും ഇറച്ചി ഉണ്ട് എന്ന് ടിയാൻ പറയുകയും ഈ ഇറച്ചി അമ്മ പറമ്പിൽ കൊണ്ടുചെന്ന് കുഴിച്ചിട്ടിരിക്കുകയാണെന്ന് പറയുകയുണ്ടായി. തുടർന്ന് ലാലുവിന്റെ അമ്മയെയും കൂട്ടി സമീപത്തുള്ള പറമ്പിൽ എത്തിയപ്പോൾ കൂടെയുള്ള അമ്മ ആ ഭാഗത്ത് ചാക്കിൽ സൂക്ഷിച്ചിരുന്ന ഇറച്ചി തങ്ങളെ കാണിക്കുകയും തന്റെ കൈയിൽ എടുത്ത് തരികയും ചെയ്തു. ഇറച്ചി കണ്ടെടുത്ത സമയം ഫോറസ്റ്റർ ലാലുവിന്റെ വീടിന്റെ ഭാഗത്താണ് ഉണ്ടായിരുന്നത് എന്നും ഇറച്ചി ഫോറസ്റ്ററെ കാണിച്ചശേഷം അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം തങ്ങൾ ഇറച്ചിയുമായി ജീപ്പിൽ കിഴുകാനം ഓഫീസിൽ വന്നു. അപ്പോൾ സമയം ഉദ്ദേശം 7.30 മണി ആയിട്ടുണ്ട്. ഈ സമയം ഓലിക്കൽ പ്രശാന്തിന്റെ ജീപ്പിൽ പണിക്കുപോകാൻ വന്ന സരുണിന്റെ അച്ഛനായ സജിയെയും കൂടെയുണ്ടായിരുന്ന സനുവിനെയും ഫോറസ്റ്റർ ജീപ്പിൽ നിന്നും ഇറങ്ങുവാൻ പറയുകയും അവർ രണ്ടുപേരും ജീപ്പിൽ നിന്നും ഇറങ്ങുകയും തുടർന്ന് ഫോറസ്റ്ററും സജിയും കൂടെ എന്തൊക്കെയോ സംസാരിക്കുകയും ചെയ്യുന്നത് താൻ കണ്ടിരുന്നു. അതിനുശേഷം ഫോറസ്റ്ററും ലെനിൻ, ജയകുമാർ, മോഹനൻ, ഡ്രൈവർ ജിമ്മിയും കൂടി ലാലുവിന്റെ വീടിനുടുത്തുള്ള പറമ്പിൽ നിന്നും കണ്ടെടുത്ത ഇറച്ചിയുമായി ചെക്ക് പോസ്റ്റ് ഭാഗത്തേയക്ക് പോയി. ഈ കൂട്ടത്തിൽ താൻ ഇല്ലായിരുന്നുവെന്നും കുറേ സമയം കഴിഞ്ഞ് മയിൽപ്പീലി എന്ന ഓട്ടോയും കൂടെ ജീപ്പിൽ സാറന്മാരും സരുണും വന്നു. ഏകദേശം ഉച്ചയോടുകൂടി ഇടുക്കി അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻ എത്തിയിരുന്നു. 17.10.2022-ൽ കൊന്നക്കുഴി ക്യാമ്പ് ഷെഡ്ഡിൽ വച്ച് തന്റെ മൊഴി എഴുതി വാങ്ങിയിരുന്നു. തുടർന്ന് 19.10.2022-ൽ ഫോറസ്റ്റർ അനിൽകുമാർ പറഞ്ഞതുപ്രകാരം, താൻ റെയിഞ്ച് ഓഫീസർ നിർബന്ധിച്ച് മൊഴി തരാൻ ആവശ്യപ്പെട്ടതു പ്രകാരമാണ് റെയിഞ്ച് ഓഫീസർക്ക് മൊഴി നൽകിയത് എന്ന് എഴുതി ഫോറസ്റ്റർക്ക് കൊടുത്തിരുന്നു. ടിയാന്റെ മൊഴി **അനുബന്ധം X** ആയി ചേർക്കുന്നു.

മേൽ പരാതിയുമായി ബന്ധപ്പെട്ട് പീരുമേട് താലൂക്കിൽ ഉപ്പുതറ വില്ലേജിൽ കണ്ണംപടി ഭാഗത്ത് മുല്ല കരയിൽ പുത്തൻപുരയ്ക്കൽ തങ്കപ്പൻ മകൻ സജിയോട് അന്വേഷിച്ചതിൽ താൻ ഉള്ളാടർ സമുദായത്തിൽപ്പെട്ട ആളാണെന്നും കൂലിപ്പണിയാണ് തൊഴിലെന്നും പറയുന്നു. സരുൺ തന്റെ മൂത്ത മകനാണെന്നും 20.09.2022-ന് രാവിലെ ഉദ്ദേശം 5.30 ന് സരുൺ ഓട്ടോയുമായി കട്ടപ്പനയ്ക്ക് ഓട്ടം പോകുന്നു എന്ന് പറഞ്ഞിറങ്ങിയതാണ് എന്നും താൻ രാവിലെ 7 മണിയോടുകൂടി വളകോട് ഭാഗത്ത് കല്ലുപണിക്കായി ഇറങ്ങുകയും ചെയ്തു. മുല്ല ഭാഗത്ത് നിന്നും ഓലിക്കൽ പ്രശാന്തിന്റെ ജീപ്പിൽ കയറുകയും പോകുംവഴി കിഴുകാനം ഫോറസ്റ്റ് ഓഫീസിന്റെ മുമ്പിൽ വച്ച് ഫോറസ്റ്റർ അനിൽകുമാറും മോഹനൻ എന്ന വാച്ചറും കൂടെ ജീപ്പിന് കൈ കാണിച്ച് വണ്ടിയുടെ പുറകിൽ നിന്നും സനു എന്ന ആളിനെ വലിച്ചിറക്കുകയും സെക്ഷൻ ഓഫീസിലേക്ക് കയറ്റിക്കൊണ്ടു പോയി. അപ്പോൾ തന്നെ ഫോറസ്റ്റർ ' നീയും അകത്തോട്ട് കയറെടാ ' എന്ന് പറഞ്ഞതിൻ പ്രകാരം താനും

ഓഫീസിലേക്ക് കയറിചെല്ലുകയും അപ്പോൾ ' നിന്റെ മകന്റെ ഫോൺ നമ്പർ ഉണ്ടോ ' എന്ന് ചോദിക്കുകയും മകന്റെ പേരിൽ ഒരു പരാതി ഉണ്ട് എന്നും ' നിങ്ങളുടെ ഫോണിൽ നിന്നും മകനെ വിളിച്ചുതരുവാൻ' ആവശ്യപ്പെടുകയും അതിൻപ്രകാരം താൻ തന്റെ ഫോണിൽ നിന്നും (7902296825) മകന്റെ (9744986409) നമ്പരിൽ വിളിച്ച് സരുണിനോട് എവിടെയുണ്ടെന്ന് ചോദിക്കുകയും അവൻ വളകോട് ഉണ്ടെന്ന് പറയുകയും അപ്പോൾ തന്നെ ഫോൺ ഫോറസ്റ്ററുടെ കൈയിൽ കൊടുക്കുകയും ഫോറസ്റ്റർ അവനോട് സംസാരിക്കുകയും ചെയ്തു. 'നിന്റെ പേരിൽ ചെറിയ ഒരു പരാതി ഉണ്ട്, നിന്റെ ഓട്ടോയും ആയി കിഴുകാനം ഓഫീസിലേയ്ക്ക് വരണം ' എന്ന് ഫോറസ്റ്റർ വിളിച്ചുപറയുന്നത് താൻ കേട്ടതാണ് എന്നും അപ്പോൾ ഉദ്ദേശം രാവിലെ 7.30 ആയി. ഫോൺ ചെയ്തുകഴിഞ്ഞപ്പോൾ തന്നെ വാച്ചർമാരായ മോഹനനും ജയനും മെമ്പർകവല ഭാഗത്ത് വച്ച് സരുണിന്റെ ഓട്ടോ പരിശോധിച്ച് വിട്ടതാണെന്ന് തന്നോട് പറയുകയുണ്ടായി. പിന്നീട് തന്നോട് ഇവിടെ നിൽക്കാൻ പറഞ്ഞ് ഫോറസ്റ്ററും മറ്റും ജീപ്പിൽ ചെക്ക് പോസ്റ്റ് ഭാഗത്തേയ്ക്ക് പോവുകയും താൻ ഓഫീസിന്റെ മുൻപിൽ നിൽക്കുകയും ഉദ്ദേശം 9.15 മണിയോടെ സരുണിന്റെ ഓട്ടോ ഡ്രൈവർ ജിമ്മി ഓടിച്ച് ഓഫീസിന്റെ അകത്തോട്ട് കയറ്റുന്നതും തൊട്ടുപുറകിൽ സർക്കാർ ജീപ്പിൽ നിന്നും സരുണിന്റെ കോളറിന് പിടിച്ച് ലെനിനും മോഹനനും കൂടി ഇറക്കി ഓഫീസിലേയക്ക് കൊണ്ടുപോകും വഴി വാച്ചർ മോഹനൻ പുറകിൽ നിന്നും പിടലിയ്ക്ക് അടിക്കുന്നതായും താൻ കണ്ടു. ഉദ്ദേശം അര മണിക്കൂർ കഴിഞ്ഞ് ഫോറസ്റ്റർ അനിൽകുമാർ സരുണിനെ വന്ന് കണ്ടോ എന്ന് പറയുകയും താൻ അകത്തുചെന്ന് സരുണിനോട് എന്താണ് കാര്യം എന്ന് തിരക്കിയപ്പോൾ 'ഞാൻ എല്ലാം അനിൽകുമാർ സാറിനോട് പറഞ്ഞിട്ടുണ്ട്' എന്ന് കരഞ്ഞുകൊണ്ട് തന്നോട് പറയുകയും ചെയ്തു. പിന്നീട് ഉദ്ദേശം 2.30-ന് ഫോറസ്റ്റർ ഇറങ്ങിവന്നിട്ട് 'സരുണിനെ റിമാൻഡ് ചെയ്ത് കോടതിയിലേയ്ക്ക് കൊണ്ടുപോകുന്നു ' എന്ന് പറയുകയും തന്നോട് വീട്ടിലേയ്ക്ക് പൊക്കോളാൻ പറയുകയും ചെയ്തു. ഈ സമയം വരെ കിഴുകാനം ഫോറസ്റ്റർ സരുണിനെ അറസ്റ്റ് ചെയ്ത കാര്യം പറയുകയോ തന്നെ കൊണ്ട് ഒരു പേപ്പറിലും ഒപ്പിടീക്കുകയോ ചെയ്തിട്ടില്ല. പിറ്റേ ദിവസം (21.09.2022) വെളുപ്പിന് ആണ് സരുണിനെ പീരുമേട് ജയിലിൽ ആക്കിയതായി അറിയാൻ കഴിഞ്ഞത്. തന്റെ മകൻ അതിന് ശേഷം 11 ദിവസം കഴിഞ്ഞാണ് ജയിലിൽ നിന്നും ഇറങ്ങിയത്. സരുൺ ഇതിന് മുൻപ് ഒരു വനം കേസിലോ പോലീസ് കേസിലോ ചാരായ കേസിലോ പ്രതി ആയിട്ടില്ലായെന്നും ബി. കോം വരെ പാസ്സായിട്ടുള്ളതും പി.എസ്.സി.യുടെ പല പരീക്ഷകളും എഴുതിയിട്ടുള്ളതും റാങ്ക് ലിസ്റ്റിൽ പേരുള്ള ആളാണെന്നും ടി കേസ് ഫോറസ്റ്റ്കാർ മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്ന ഉത്തമവിശ്വാസം ഉണ്ടെന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം XI** ആയി ചേർക്കുന്നു.

മേൽ പരാതിയുമായി ബന്ധപ്പെട്ട് ഒ.ആർ. 01/2022 നമ്പർ കേസിൽ ആരോപണ വിധേയനായ പീരുമേട് താലൂക്കിൽ ഉപ്പുതറ വില്ലേജിൽ മുല്ല കരയിൽ പുത്തൻപുരയ്ക്കൽ സജി മകൻ സരുൺ സജിയോട് അന്വേഷിച്ചതിൽ താൻ 20.09.2022ൽ രാവിലെ 5.40-ന് മുല്ലയിലുള്ള തന്റെ വീട്ടിൽ നിന്നും വളകോട് ഭാഗത്തേയ്ക്ക് തന്റെ ഓട്ടോയിൽ പോകവേ ഉദ്ദേശം 6.10 ഓടുകൂടി മെമ്പർ കവല ഭാഗത്ത് വച്ച് കിഴുകാനം ഫോറസ്റ്റ് സെക്ഷനിലെ സ്റ്റാഫുകൾ (ഫോറസ്റ്റർ അനിൽകുമാർ, ബി.എഫ്.ഒ. ലെനിൻ, ഡ്രൈവർ ജിമ്മി, വാച്ചർമാരായ ജയൻ, സനിൽ, മോഹനനൻ, സന്തോഷ്) തന്റെ ഓട്ടോ തടഞ്ഞ് വണ്ടിയുടെ ഡിക്കിയും ബാക്ക് സീറ്റിന്റെ ഭാഗങ്ങളും താൻ ഇരുന്നതിന്റെ രണ്ട് സൈഡുകളും പരിശോധന നടത്തുകയും എന്തിനാണ് പരിശോധിച്ചത് എന്ന് ചോദിച്ചപ്പോൾ നൈറ്റ് പട്രോളിംഗിന്റെ ഭാഗമാണ് പരിശോധന എന്ന് അനിൽകുമാർ സർ പറയുകയും ശേഷം തന്നോട് പൊയ്ക്കൊള്ളാൻ പറയുകയും അതിനുശേഷം താൻ വൻമാവ് ചെക്ക്പോസ്റ്റിൽ എത്തിയപ്പോൾ അവിടെ വാച്ചർമാരായ ഭാസ്കരനും ഗോപാലകൃഷ്ണനുമാണ് ഉണ്ടായിരുന്നത്. വണ്ടിയുടെ നമ്പരും യാത്രാ സമയവും എങ്ങോട്ട് പോകുന്നു എന്നീ വിവരങ്ങൾ എഴുതിയതിനുശേഷം തന്നെ ചെക്ക് പോസ്റ്റ് കടത്തി വിട്ടു. വണ്ടിയുടെ വിവരം രജിസ്റ്ററിൽ എഴുതിയത് വാച്ചർ ഭാസ്കരൻ ആണെന്നും ചെക്ക്പോസ്റ്റ് തുറന്നുവിട്ടത് താൽക്കാലിക വാച്ചറായ ഗോപാലകൃഷ്ണനാണ്. ചെക്ക്പോസ്റ്റിൽ വച്ച് വാഹനം പരിശോധിച്ചിരുന്നില്ല. ഉദ്ദേശം 6.30 മണിക്ക് വളകോട് എത്തുകയും ഓട്ടോറിക്ഷ വളകോടുള്ള പോസ്റ്റ് ഓഫീസിന് സമീപം പാർക്ക് ചെയ്ത ശേഷം 6.40 ഓടുകൂടി വന്ന ഈരാറ്റുപേട്ടയ്ക്ക് പോകുന്ന

കെ.എസ്.ആർ.ടി.സി. ബസിൽ കയറി ടിക്കറ്റ് എടുത്തു. തനിക്ക് ഈരാറ്റുപേട്ടയ്ക്ക് പോകേണ്ട ആവശ്യം ഉണ്ടായിരുന്നെങ്കിലും വീട്ടിൽ പറഞ്ഞിരുന്നത് കട്ടപ്പനയ്ക്ക് പോകുന്നു എന്നാണ്. മുൻകൂട്ടി പറഞ്ഞിരുന്നത് പ്രകാരം തന്റെ സുഹൃത്തും വളകോട് നിന്നും ബസിൽ കൂടെ ഉണ്ടായിരുന്നു. 7.20 ന് ബസ് വാഗമൺ എത്തിയപ്പോളാണ് തന്റെ അച്ഛൻ ഫോണിൽ വിളിക്കുകയും എവിടെയാണെന്ന് ചോദിക്കുകയും താൻ വളകോടാണ് നിൽക്കുന്നത് എന്ന് പറയുകയും ചെയ്തിരുന്നു. തുടർന്ന് അച്ഛന്റെ ഫോണിൽ നിന്നും ഫോറസ്റ്റർ അനിൽകുമാർ സർ സംസാരിക്കുകയും തന്നോട് എവിടെയാണെന്ന് ചോദിക്കുകയും ഉടൻതന്നെ കിഴുകാനം ഫോറസ്റ്റ് ഓഫീസിൽ എത്തണമെന്ന് ആവശ്യപ്പെടുകയും താൻ എന്താണ് കാര്യം എന്ന് ചോദിച്ചപ്പോൾ ഒരു പരാതി കിട്ടിയിട്ടുണ്ടെന്നും ഓഫീസിൽ വന്ന് പരാതി ഒന്നും ഇല്ലായെന്ന് എഴുതി ഒപ്പിട്ടിട്ട് പോകാം എന്ന് പറയുകയും ചെയ്തു. വൈകിട്ട് വരാം എന്ന് താൻ പറഞ്ഞപ്പോൾ പറ്റില്ല വണ്ടിയുമായി ഉടൻതന്നെ വരണമെന്ന് പറഞ്ഞു. അതിൻപ്രകാരം താൻ വാഗമണിൽ ഇറങ്ങി അവിടെ നിന്നും വളകോട് ഭാഗത്തേയ്ക്ക് ബസ് ഇല്ലാത്തതിനാൽ ഉദ്ദേശം 2 കി.മീ. നടന്ന് വരുന്ന വഴി ഒരു സ്കൂട്ടർ വളകോട് ഭാഗത്തേയ്ക്ക് പോകുന്നതുകണ്ട് അതിൽ കയറി 8.10 ന് വളകോട് എത്തി. നടന്നുവരുന്ന സമയം തന്റെ വല്യമ്മ തന്നെ ഫോണിൽ വിളിച്ചിരുന്നു. പിന്നീട് പാർക്ക് ചെയ്തിരുന്ന വണ്ടി എടുത്ത് കിഴുകാനം ഭാഗത്തേയ്ക്ക് പോകുന്നവഴിയിൽ കോതപാറ ഭാഗത്ത് വച്ച് തന്റെ സുഹൃത്തുക്കളായ സിബിൻ, ജിത്തു എന്നിവർ വളകോട് ഭാഗത്തേയ്ക്ക് വരുന്നത് കണ്ടു എന്നും അവരെ വിഷ് ചെയ്ത ശേഷം കിഴുകാനം ഭാഗത്തേയക്ക് പോന്നു. വൻമാവ് ഭാഗത്ത് വച്ച് തന്റെ സുഹൃത്തായ ഷാജി ജീപ്പുമായി സ്കൂൾ കുട്ടികളുമായി ഉപ്പുതറ ഭാഗത്തേയ്ക്ക് പോകുന്നതു കണ്ടു. ലോഹ്യം പറഞ്ഞതിന് ശേഷം ചെക്ക് പോസ്റ്റിൽ എത്തിയപ്പോൾ അവിടെ ഉണ്ടായിരുന്ന ലെനിനും ഡ്രൈവർ ജിമ്മിയും തന്നോട് ഓട്ടോ സൈഡ് ഒതുക്കാൻ പറയുകയും ഒതുക്കിയപ്പോൾ തന്റെ കൈയിൽ നിന്നും ഫോണും വണ്ടിയുടെ താക്കോലും പഴ്സും ബലമായി ലെനിൻ പിടിച്ചുവാങ്ങുകയും അതിനുശേഷം തന്നെ ചെക്ക് പോസ്റ്റിന് മുകളിലുള്ള ബിൽഡിംഗിൽ കൊണ്ടുപോകുകയും ഫോറസ്റ്റർ 'നീ ഇന്നലെ കൊണ്ടുപോയ ഇറച്ചി എവിടേക്കാണ് കൊടുത്തതെന്ന്' ചോദിച്ച് എനിക്ക് അറിയില്ലായെന്നു പറഞ്ഞപ്പോൾ പിടലിക്ക് പിടിച്ച് കുനിച്ചു നിർത്തി കൈമുട്ടു കൊണ്ട് മുതുകിൽ ശക്തിയായി ഇടിക്കുകയും താൻ ഒച്ച വച്ചപ്പോൾ ലെനിനും ജിമ്മിയും സത്യം പറയില്ലേടാ എന്ന് ചോദിച്ചുകൊണ്ട് രണ്ട് കവിളിനും പുറത്തും രണ്ട് പേരും ഇടിയ്ക്കുകയും വാച്ചർ ജയൻ ഇത് കണ്ടിട്ടുള്ളതാണ്. ഫോറസ്റ്റർ 'നീ മുല്ലയിൽ ഉള്ള ഉള്ളാടൻ അല്ലേടാ' എന്നും കേൾക്കാൻ അറപ്പുള്ള തെറിയും പറഞ്ഞ് എന്നെ വീണ്ടും അടിക്കുകയും ഇനി എന്നെ അടിക്കരുത് താൻ കേസ് കൊടുക്കും എന്ന് പറഞ്ഞപ്പോൾ എന്നാൽ നമുക്ക് ഓഫീസിലേയ്ക്ക് പോകാം എന്ന് പറഞ്ഞ് തന്നെ ജീപ്പിൽ കയറ്റി കിഴുകാനം ഓഫീസിൽ കൊണ്ടുവരികയും തന്റെ ഓട്ടോ സ്റ്റേഷനിൽ കൊണ്ടുവന്നത് ജിമ്മിയാണ്. സ്റ്റേഷനിലോട്ട് കയറുന്ന വഴിയിൽ വാച്ചർ മോഹനൻ പുറകിൽ നിന്നും കൈ കൊണ്ട് ശക്തമായി തന്റെ മുതുകിൽ ഇടിക്കുകയും ഇതിന് തന്റെ അച്ഛനും അച്ഛന്റെ കൂടെ ജോലി ചെയ്യുന്ന ജോയി എന്ന ആളും സാക്ഷി ആണ്. റൂമിൽ കയറ്റിയശേഷം എന്തിനാണ് തന്നെ പിടിച്ചുകൊണ്ടുവന്നത് എന്ന് ചോദിച്ചപ്പോൾ ആരും ഒന്നും പറഞ്ഞില്ല. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ വന്നപ്പോൾ താൻ നടന്ന കാര്യങ്ങളെല്ലാം പറയുകയും കുഴപ്പം ഒന്നും ഇല്ല എന്ന് പറഞ്ഞ ശേഷം റെയിഞ്ച് ഓഫീസർ പുറത്ത് പോയി. അതിന് ശേഷം സെക്ഷനിലെ സ്റ്റാഫുകൾ പല പേപ്പറുകൾ തയ്യാറാക്കി തന്നെ വായിക്കാൻ പോലും സമ്മതിക്കാതെ നിർബന്ധപൂർവ്വം ഒപ്പും വിരലടയാളവും പേപ്പറിൽ പതിച്ച് വാങ്ങിയിട്ടുള്ളതാണ്. 4.30 ന് ശേഷം തന്നെ ഉപ്പുതറ ആശുപത്രിയിൽ മെഡിക്കൽ എടുക്കുവാനായി കൊണ്ടുപോകുകയും ഈ സമയം ഫോറസ്റ്റർ അനിൽകുമാർ അടി തന്ന കാര്യവും തെറി വിളിച്ച കാര്യവും ഡോക്ടറോട് പറഞ്ഞാൽ തന്റെ അച്ഛനും ഇതിൽ പ്രതി ആകും എന്ന് തന്നോട് പറയുകയും അത് പേടിച്ച് താൻ ഡോക്ടറോട് ഒന്നും പറഞ്ഞില്ലായെന്നും തുടർന്ന് മജിസ്ട്രേറ്റിന്റെ വസതിയിൽ തന്നെ കൊണ്ടുപോകുകയും ആ സമയം ഇതേ കാര്യം പറഞ്ഞ് ഫോറസ്റ്റർ തന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു എന്നും പറയുകയുണ്ടായി. തുടർന്ന് റിമാൻഡിൽ 10 ദിവസം ജയിലിൽ ആയിരുന്നു. ഇതിനിടയിൽ തന്നെ ഇടുക്കി വൈൽഡ്‌ലൈഫ് വാർഡൻ കസ്റ്റഡിയിൽ വാങ്ങി കിഴുകാനത്ത് കൊണ്ടുവന്ന ശേഷം മുല്ല ഭാഗത്ത് പോയി തിരിച്ചുകൊണ്ടു വരികയും ഓഫീസിൽ എത്തിയ ശേഷം മുൻകൂട്ടി എഴുതിയ ഒരു പേപ്പർ കൊണ്ടുവന്ന് തന്റെ ഒപ്പിടുവിക്കുകയും ചെയ്തു.

തുടർന്ന് പിറ്റേ ദിവസം കട്ടപ്പന കോടതിയിൽ ഹാജരാക്കിയ ശേഷം തിരികെ പീരുമേട് സബ് ജയിലിൽ എത്തിക്കുകയും അതിന് ശേഷം 01.10.2022-ന് തനിക്ക് ജാമ്യം കിട്ടി പുറത്തുവന്നു. 02.10.2022-ൽ കിഴുകാനം ഫോറസ്റ്റ് ഓഫീസിലെ ബി.എഫ്.ഒ മഹേഷ് തന്നോട് വൈകിട്ട് 4 മണിക്ക് ശേഷം വന്ന് ഫോണും വാച്ചും പഴ്സും തിരികെ എടുത്തുകൊണ്ട് പോകുവാൻ പറഞ്ഞിരുന്നു. അതിൻ പ്രകാരം താനും KUMS പ്രസിഡന്റ് മോഹനൻ സാറും വളകോട് CPI ലോക്കൽ സെക്രട്ടറി ഡോണറ്റ് രാജുവും തന്റെ സുഹൃത്തായ ജിത്തുവും ഓഫീസിൽ വരികയും സാധനങ്ങൾ ചോദിക്കുകയും ചെയ്തപ്പോൾ അവ മേശപ്പുറത്ത് നിരത്തിവച്ച ശേഷം പരിശോധിച്ച് എടുക്കാൻ പറയുകയും സാധനങ്ങൾ കൈപ്പറ്റിയതിന്റെ രസീത് പകർപ്പ് ചോദിച്ചപ്പോൾ തരാൻ പറ്റില്ല എന്ന് പറയുകയും ചെയ്തു. അതിനാൽ ഈ സാധനങ്ങൾ താൻ മടക്കി വാങ്ങിയില്ല. ഇറങ്ങുവാൻ നേരം മോഹനൻ സർ ഈ സാധനങ്ങളെല്ലാം ഇതുപോലെ ഇവിടെയുണ്ടാകണമെന്ന് പറയുകയും സാധനങ്ങളുടെ ഫോട്ടോ മൊബൈലിൽ എടുക്കുകയും ചെയ്തു. 08.10.2022-ൽ സാധനങ്ങൾ തിരികെ വാങ്ങാൻ വീണ്ടും ചെല്ലുകയും കണ്ട് പരിശോധിച്ചപ്പോൾ പഴ്സിലുണ്ടായിരുന്ന ബസ് ടിക്കറ്റ് ഒഴികെ മറ്റ് സാധനങ്ങൾ എല്ലാം ഉണ്ടായിരുന്നു. ടിക്കറ്റില്ലാതെ എനിക്കീ സാധനങ്ങൾ വേണ്ടായെന്ന് പറഞ്ഞ് താൻ തിരികെ പോന്നു. ടിക്കറ്റ് എവിടെയെന്ന് ബി.എഫ്.ഒ. മഹേഷിനോട് ചോദിച്ചപ്പോൾ ഫോറസ്റ്റർ വന്ന് പഴ്സ് എടുത്തിരുന്നു എന്നും തനിക്ക് വേറൊന്നും അറിയില്ലെന്നു പറയുകയും ചെയ്തു. ടി കേസ്സിൽ പിടിച്ച ഇറച്ചിയോ മറ്റ് തൊണ്ടികളോ ഒന്നും തന്നെ കാണിച്ചിട്ടുള്ളതല്ലായെന്നും ടിയാന്റെ മൊഴിയിൽ പറഞ്ഞിട്ടുള്ളതാണ്. ടിയാന്റെ മൊഴി **അനുബന്ധം XII** ആയി ചേർക്കുന്നു.

ടി കേസുമായി ബന്ധപ്പെട്ട് ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷൻ കിഴുകാനം സെക്ഷനിൽ ജോലി ചെയ്യുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഷിജിരാജ് എൻ.ആർ 29.10.22 ൽ കോട്ടയം ഇൻസ്പെക്ഷൻ ഇവാല്യുവേഷൻ ഓഫീസിൽ എന്റെ മുമ്പാകെ ഹാജരായി മൊഴി നൽകിയിട്ടുണ്ട്. ടിയാന്റെ മൊഴി പ്രകാരം 20.09.22 ൽ മുല്ല സെറ്റിൽമെന്റിൽ താമസിക്കുന്ന സരുൺ സജി എന്നയാൾ ടിയാന്റെ കെ.എൽ 37 ബി 4817 നമ്പർ ഓട്ടോറിക്ഷയിൽ ഇറച്ചി കടത്തിയതുമായി ബന്ധപ്പെട്ട് ഒ.ആർ 01/22 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ആയതിന് ടിയാന്റെ കൈയ്യക്ഷരത്തിൽ ടിയാനാണ് മഹസ്സർ എഴുതിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അന്നേ ദിവസം ഉച്ചയ്ക്ക് 1 മണിയോട് കൂടിയാണ് ടിയാൻ കിഴുകാനം സെക്ഷനിൽ അവധി കഴിഞ്ഞ് എത്തിയത് എന്നും ടിയാൻ എത്തുമ്പോൾ റെയിഞ്ച് ഓഫീസറും ഫോറസ്റ്ററും കൂട്ട് സ്റ്റാഫും കൂടാതെ മുല്ല ഭാഗത്ത് താമസക്കാരനായ സരുൺ സജിയും സരുണിന്റെ പിതാവും കുടിക്കാരായ മറ്റ് ചില ആളുകളും പരിസരത്ത് ഉണ്ടായിരുന്നുവെന്നും, സരുണിന്റെ ഓട്ടോയും ടി ഓട്ടോയിൽ നിന്ന് പിടിച്ചതായി പറയുന്ന ഇറച്ചിയും അവിടെ ഉണ്ടായിരുന്നതായും ടിയാൻ പറയുന്നു. ഫോറസ്റ്റർ അനിൽകുമാർ തയ്യാറാക്കിയിരുന്ന ഡ്രാഫ്റ്റ് മഹസ്സർ ടിയാനെ ഏൽപ്പിച്ചിട്ട് ഇപ്രകാരം മഹസ്സർ തയ്യാറാക്കാൻ ടിയാനോട് നിർദ്ദേശിച്ചുവെന്നും എന്നാൽ ടി മഹസ്സറുമായി ബന്ധപ്പെട്ട പ്രതി സരുണിനെയോ, ടിയാന്റെ വാഹനമോ, ഇറച്ചിയോ കസ്റ്റഡിയിൽ എടുക്കുമ്പോൾ ടിയാൻ കൂടെ ഇല്ലായിരുന്നുവെന്നും 20.09.22 ന് ടിയാൻ വീട്ടിൽ നിന്നും ഡ്യൂട്ടക്കായി വരുന്ന സമയത്ത് രാവിലെ 8 മണിയോട് കൂടി ഫോറസ്റ്റർ ടിയാനെ ഫോണിൽ വിളിച്ച് അടിയന്തിരമായി ഓഫീസിൽ എത്തണമെന്ന് അറിയിച്ചതായും അപ്രകാരം 1 മണിയോട് കൂടി ടിയാൻ കിഴുകാനം ഓഫീസിൽ എത്തിയെന്നും മൊഴിയിൽ പറയുന്നു. ഫോറസ്റ്ററുടെ നിർദ്ദേശാനുസരണമാണ് ടിയാൻ തെറ്റായ സമയം വെച്ച് ചെക്ക് പോസ്റ്റ് രജിസ്റ്ററിലും മൂവ്മെന്റ് രജിസ്റ്ററിലും ഒപ്പിട്ട് ഡ്യൂട്ടിയിൽ കയറിയതെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്. ടിയാന്റെ മൊഴി **അനുബന്ധം XIII** ആയി ചേർക്കുന്നു.

ടി കേസിൽ അന്വേഷണത്തിന്റെ ഭാഗമായി കണ്ണംപടി ഭാഗത്ത് താമസം കുന്നുപുറം വീട്ടിൽ മധുവിന്റെ ഭാര്യ സുനിലയെ നേരിൽ കണ്ട് ടി കേസ്സിനെപ്പറ്റി ആരാഞ്ഞതിൽ 20.09.22 ൽ രാവിലെ 6.30 ന് ശേഷം കിഴുകാനം സെക്ഷൻ ഫോറസ്റ്ററും മറ്റ് ജീവനക്കാരും ടിയാളുടെ വീട്ടിലെത്തി തന്റെ ഭർത്താവ് മധുവിനെ അന്വേഷിക്കുകയും മധുവിനോട് 'ഇന്നലെ സരുൺ കൊണ്ടുവന്ന ഇറച്ചി എടുക്കടാ' എന്ന് ഒച്ച വച്ചുവെന്നും തങ്ങളുടെ വീട്ടിൽ ഇറച്ചി ഇല്ല എന്ന് നിഷേധിച്ചപ്പോൾ അവർ തിരികെ പോകുകയും പിന്നീട് അയൽവാസിയായ ഈന്തനാൽ വീട്ടിൽ സന്തോഷിന്റെ വീട്ടിൽ ഫോറസ്റ്റുകാർ എത്തിയതായും റോഡിന്റെ വലതുവശത്തെ പറമ്പിലെ വഴിയിൽ കൂടി ഫോറസ്റ്റ് വാച്ചർ മോഹനൻ, ദിവസക്കൂലി വാച്ചർ സനിൽകുമാർ എന്നിവർ വരുന്നത് കണ്ടുവെന്നും സനിലിന്റെ

കൈയ്യിൽ പ്ലാസ്റ്റിക്ക് കവറിൽ എന്തോ സാധനം കൊണ്ടുവന്ന് 'ഇറച്ചി കിട്ടി സാറേ' എന്ന് പറഞ്ഞുകൊണ്ട് ഫോറസ്റ്ററെ ഏൽപ്പിച്ചത് നേരിട്ട് കണ്ടുവെന്നും പറഞ്ഞിട്ടുള്ളതാണ്.

കൂടാതെ, അന്വേഷണത്തിന്റെ ഭാഗമായി കിഴുകാനം, കണ്ണംപടി, മുല്ല ഭാഗങ്ങളിലെത്തി ടി കുടികളിലെ പല ആളുകളോടും നേരിട്ട് അന്വേഷിച്ചതിൽ പരാതിയിൽ പറയുന്ന ആരോപണങ്ങൾ ശരിയാണ് എന്നും, 20.09.22 തീയതിയിൽ രാവിലെ വാഗമൺ ഭാഗത്തേയ്ക്ക് ഓട്ടോറിക്ഷയിൽ പോയ സരുൺ സജിയെ ഫോറസ്റ്റുകാർ തിരിച്ച് വിളിച്ച് വണ്ടിയിൽ ഇറച്ചി വെച്ച് കള്ളക്കേസ് കെട്ടിച്ചമച്ചതാണെന്ന് പറയുന്നു.

## കണ്ടെത്തലുകൾ

ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷൻ ഫോറസ്റ്റ് ഓഫീസിൽ 20.09.2022 ൽ ഒ.ആർ 01/2022 ാം നമ്പറായി രജിസ്റ്റർ ചെയ്ത കേസിലെ മഹസറും അനുബന്ധ രേഖകളും പരിശോധിച്ചതിലും പരാതി ഉന്നയിച്ച ആളുകളെയും കിഴുകാനം സെക്ഷൻ ഫോറസ്റ്റ് സ്റ്റാഫുകളെയും നേരിൽ കണ്ട് അന്വേഷിച്ചതിലും താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപെട്ടിട്ടുണ്ട്.

20.09.22 ലെ ഒ.ആർ 01/2022 ാം നമ്പറായി രജിസ്റ്റർ ചെയ്ത കേസിലെ മഹസ്സർ ബോധപൂർവ്വം കെട്ടിച്ചമച്ചതാണെന്ന് ബോധ്യപ്പെടുന്നു. ആരോപണവിധേയരായ ഫോറസ്റ്ററുടെയും കൂട്ട് സ്റ്റാഫിന്റെയും മൊഴികൾ വിശദമായി പരിശോധിച്ചതിൽ മൊഴികൾ മഹസ്സറിലെ വസ്തുതകൾക്ക് വിരുദ്ധമുള്ളതായും അന്വേഷണത്തെ വഴിതെറ്റിക്കുന്ന വിധത്തിലുള്ളതും മൊഴികൾ തമ്മിൽ വൈരുദ്ധ്യമുള്ളതായും ബോധ്യപ്പെടുന്നു. കേസിലെ പ്രതിയെന്ന് ആരോപിക്കുന്ന ശ്രീ. സരുൺ സജി എന്നയാൾ ടിയാളുടെ ഓട്ടോറിക്ഷയിൽ അന്നേ ദിവസം രാവിലെ കിഴുകാനത്തുനിന്നും വാഗമൺ ഭാഗത്തേയ്ക്ക് പോയതായും ടിയാനെ ഫോറസ്റ്റർ അനിൽകുമാർ വിളിച്ചുവരുത്തി ടിയാന്റെ വാഹനത്തിൽ ഇറച്ചിവെച്ച് ടിയാനെ അറസ്റ്റ് ചെയ്തതായും അന്വേഷണത്തിലും മൊഴികളുടെ അടിസ്ഥാനത്തിലും ബോധ്യപ്പെട്ടിട്ടുണ്ട്.

1. മഹസർ തയ്യാറാക്കിയത് 20.09.22 ൽ ആണെങ്കിലും 22.09.22 എന്ന് തെറ്റായാണ് മഹസറിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2. ടി മഹസ്സർ തയ്യാറാക്കിയ (കൈപ്പട സാക്ഷി) സമയത്ത് സ്ഥലത്ത് ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഷിജിരാജ് ആണ് മഹസ്സർ തയ്യാറാക്കിയത്.

3. ടി മഹസർ പ്രകാരം കസ്റ്റഡിയിൽ എടുത്ത കെ.എൽ 37 ബി 4817 നമ്പർ ഓട്ടോറിക്ഷ കിഴുകാനം ഭാഗത്തുനിന്ന് വളകോട് ഭാഗത്തേയ്ക്കാണോ വളകോട് നിന്ന് കിഴുകാനം ഭാഗത്തേയ്ക്കാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

4. കാട്ടിറച്ചി എന്ന് മാത്രമാണ് മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മഹസറിൽ സാംപിൾ എടുത്ത വിവരം രേഖപ്പെടുത്തുകയോ പ്രതിയുടെ സാന്നിധ്യത്തിൽ സാമ്പിൾ എടുക്കുകയോ ചെയ്തിട്ടില്ല.

5. ടി മഹസറിൽ പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

6. ഫോറം-1 റിപ്പോർട്ടിൽ വൈൽഡ് ലൈഫ് ആക്റ്റും ബന്ധപ്പെട്ട സെക്ഷനുകളും രേഖപ്പെടുത്തിയിട്ടില്ല. (ഫോറസ്റ്റ് ആക്ട് പ്രകാരം തയ്യാറാക്കുന്ന മഹസ്സറിന്റെ ഫോം 1 പകർപ്പാണ് സമർപ്പിച്ചിരുന്നത്)

7. അറസ്റ്റ് ചെയ്യപ്പെട്ട സമയം പ്രതിയിൽ നിന്നും കണ്ടെടുത്ത വസ്തുവകകളുടെ വിവരങ്ങളടങ്ങിയ പ്രോപ്പർട്ടി ലിസ്റ്റ് തയ്യാറാക്കി നൽകിയിട്ടില്ല .

8. ടി കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മഹസറിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും സെക്ഷൻ സ്റ്റാഫിന്റേയും, ചെക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവരുടെയും വാച്ചർമാരുടെയും മൊഴികൾ പരിശോധിച്ചതിൽ ടി മഹസറിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം, സമയം, ഇറച്ചി പിടിച്ചെടുത്ത വാഹനം കിഴുകാനം ഭാഗത്തു നിന്നാണോ വളകോട് ഭാഗത്തു നിന്നാണോ വന്നത്, പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് എപ്പോൾ എവിടെവച്ച് തുടങ്ങിയ കാര്യങ്ങളിൽ വൈരുധ്യങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

9. ചെക്പോസ്റ്റിൽ വാഹന രജിസ്റ്റർ പരിശോധിച്ചതിൽ 20.09.2022 ൽ കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത ഓട്ടോറിക്ഷ ചെക്ക്പോസ്റ്റ് കടന്നുപോയ സമയത്തിൽ തിരുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി വാഹനം ചെക്പോസ്റ്റിൽ പരിശോധിച്ചതായും കാണുന്നില്ല.

10. ടി മഹസ്സർ തയ്യാറാക്കിയ അന്നേ ദിവസം നടത്തിയ തുടരന്വേഷണത്തിൽ കൂട്ടുപ്രതികളുടെ പുരയിടത്തിൽ നിന്നും കണ്ടെത്തിയ വെടിമരുന്നും അനുബന്ധ വസ്തുക്കളെയും സംബന്ധിച്ച് മഹസ്സറോ റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല

11. ഫോം 1 ൽ കൂട്ടുപ്രതികളുടെ പേരോ, വിലാസമോ ഉൾപ്പെടുത്തിയിട്ടില്ല

12. ടി കേസിന്റെ വിവരങ്ങൾ ഹ്വാക്ക് മൊഡ്യൂളിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല.

13. വൻമാവ് ചെക്ക്പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന വാഹന പരിശോധനാ രജിസ്റ്ററിൽ 20.09.22 തീയതിയിൽ കെ.എൽ 37 ബി 4817 നമ്പർ ഓട്ടോറിക്ഷ കടന്നുപോയ സമയം തിരുത്തിയിട്ടുള്ളതായി കാണുന്നു.

14. അറസ്റ്റ് ചെയ്യപ്പെട്ട സമയത്ത് പ്രതിയുടെ കൈവശം ഉണ്ടായിരുന്ന ബസ് യാത്രാടിക്കറ്റ് (രാവിലെ 6.30 ന് ശേഷമുള്ള വളകോട് നിന്നും ഈരാറ്റുപേട്ട ഭാഗത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി) ബന്ധുക്കളെ കാണിച്ചുവെങ്കിലും തിരികെ നൽകാൻ ഫോറസ്റ്റർ തയ്യാറായിട്ടില്ല.

**ആരോപണങ്ങൾ തെളിയിക്കപ്പെടുന്നോ ഇല്ലയോ എന്ന്** - തെളിയിക്കപ്പെടുന്നു.

അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ച രേഖകളുടെയും മൊഴികളുടെയും നേരിട്ടുള്ള സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ തെളിയിക്കപ്പെടുന്നു. ഒ.ആർ 01/22 നമ്പർ കേസ്സിൽ തയ്യാറാക്കിയിട്ടുള്ള മഹസ്സർ തികച്ചും വിശ്വാസയോഗ്യമല്ലയെന്ന് ബോധ്യപ്പെടുന്നു.

**കുറ്റക്കാരായ ജീവനക്കാരുടെ പേരു വിവരവും വീഴ്ചയും**

| ക്രമ നം. | ജീവനക്കാരന്റെ പേരും, തസ്തികയും | അന്വേഷണത്തിൽ കണ്ടെത്തിയ വീഴ്ചകൾ |
|---|---|---|
| 1. | ബി.രാഹുൽ, വൈൽഡ്ലൈഫ് വാർഡൻ | യഥാസമയം കേസുമായി ബന്ധപ്പെട്ട മഹസ്സറിന്റെ നിജസ്ഥിതി അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻ അറിയിച്ചിട്ടും വസ്തുതകൾ അന്വേഷിക്കാതെ കുറ്റക്കാരായ ജീവനക്കാരെ സംരക്ഷിച്ചുകൊണ്ട് കേസന്വേഷണം സ്വയം ഏറ്റെടുത്ത് തെറ്റായ തുടർനടപടികൾ സ്വീകരിച്ചു. ഇതുമൂലം വനംവകുപ്പിന് സമൂഹത്തിലും പ്രത്യേകിച്ച് ആദിവാസികളുടെ ഇടയിലും വിശ്വാസം നഷ്ടപ്പെടുകയും വകുപ്പിന് അവമതിപ്പ് ഉണ്ടാകുന്നതിനും ആയതിലൂടെ രാഷ്ട്രീയപാർട്ടികളും ആദിവാസി സംഘടനയും വകുപ്പിനെതിരെ പ്രതിഷേധം നടത്തുവാനും ഇടയാക്കി. |

| | | |
|---|---|---|
| 2. | മുജീബ് റഹ്മാൻ, അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ | മേൽപറഞ്ഞ പ്രകാരം തെറ്റായി തയ്യാറാക്കിയ മഹസ്സറിൽ ശരിയായ തുടർനടപടികൾ സ്വീകരിക്കാതെ വിട്ടു നില്ക്കുകയും റിമാൻഡ് നോട്ട് മാത്രം തയ്യാറാക്കി ബഹു. കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. |
| 3. | വി. അനിൽ കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | ബോധപൂർവ്വം തെറ്റായ മഹസ്സർ തയ്യാറാക്കി ആദിവാസി യുവാവിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ഇതുമൂലം വനംവകുപ്പിന് സമൂഹത്തിലും പ്രത്യേകിച്ച് ആദിവാസികളുടെ ഇടയിലും വിശ്വാസം നഷ്ടപ്പെടുകയും വകുപ്പിന് അവമതിപ്പ് ഉണ്ടാകുന്നതിനും ആയതിലൂടെ രാഷ്ട്രീയപാർട്ടികളും ആദിവാസി സംഘടനയും വകുപ്പിനെതിരെ പ്രതിഷേധം നടത്തുവാനും ഇടയാക്കി. |
| 4. | വി.സി.ലെനിൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ | മേൽ പറഞ്ഞ പ്രകാരം തെറ്റായ മഹസ്സർ തയ്യാറാക്കുന്നതിൽ പങ്കുവഹിച്ചു. കൂടാതെ, തെറ്റായ മൊഴി നൽകി കേസിന്റെ അന്വേഷണത്തെ വഴി തെറ്റിക്കുകയും മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. |
| 5. | എൻ.ആർ.ഷിജിരാജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ | മേൽപ്പറഞ്ഞ പ്രകാരം മഹസ്സറിന് ആസ്പദമായ കൃത്യം നടന്ന സമയത്ത് സ്ഥലത്ത് ഡ്യൂട്ടിയിൽ ഇല്ലാതിരുന്നിട്ടും വ്യാജമായി മഹസ്സർ തയ്യാറാക്കി (കൈപ്പട സാക്ഷി) |
| 6. | ജിമ്മി ജോസഫ്, സീനിയർ ഗ്രേഡ് ഡ്രൈവർ | കേസ്സുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുതകൾ മറച്ചുവെച്ച് തെറ്റായ മൊഴി നൽകി കേസിന്റെ അന്വേഷണത്തെ വഴി തെറ്റിക്കുകയും മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. |
| 7. | കെ.എൻ. മോഹനൻ, ഫോറസ്റ്റ് വാച്ചർ | മേൽ പറഞ്ഞ പ്രകാരം തെറ്റായ മഹസ്സർ തയ്യാറാക്കുന്നതിൽ പങ്കുവഹിച്ചു. കൂടാതെ, തെറ്റായ മൊഴി നൽകി കേസിന്റെ അന്വേഷണത്തെ വഴി തെറ്റിക്കുകയും മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. |
| 8. | കെ.റ്റി.ജയകുമാർ, ഫോറസ്റ്റ് വാച്ചർ | മേൽ പറഞ്ഞ പ്രകാരം തെറ്റായ മഹസ്സർ തയ്യാറാക്കുന്നതിൽ പങ്കുവഹിച്ചു. കൂടാതെ, തെറ്റായ മൊഴി നൽകി കേസിന്റെ അന്വേഷണത്തെ വഴി തെറ്റിക്കുകയും മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. |

**റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ലിസ്റ്റ് :**

| | | |
|---|---|---|
| **അനുബന്ധം I** | : | ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ശ്രീ ബി രാഹുൽ നൽകിയ മൊഴി |
| **അനുബന്ധം II** | : | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ പി കെ മുജീബ് റഹ്മാൻ നൽകിയ മൊഴി. |
| **അനുബന്ധം III** | : | സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. വി. അനിൽകുമാർ നൽകിയ മൊഴി |
| **അനുബന്ധം IV** | : | കിഴുകാനം സെക്ഷൻ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ വി സി ലെനിൻ നൽകിയ മൊഴി. |
| **അനുബന്ധം V** | : | കിഴുകാനം സെക്ഷനിൽ വാച്ചറായി ജോലി നോക്കി വരുന്ന കെ എൻ മോഹനൻ നൽകിയ മൊഴി. |
| **അനുബന്ധം VI** | : | കിഴുകാനം സെക്ഷനിലെ ഫോറസ്റ്റ് വാച്ചറായ പി. കെ ഭാസ്കരൻ നൽകിയ മൊഴി. |

| | | |
|---|---|---|
| **അനുബന്ധം VII** | : | കിഴുകാനം സെക്ഷനിൽ ഫോറസ്റ്റ് വാച്ചറായ ശ്രീ. കെ.റ്റി. ജയകുമാർ നൽകിയ മൊഴി |
| **അനുബന്ധം VIII** | : | ഇടുക്കി മരിയാപുരം പഞ്ചായത്തിൽ നായരുപാറ ഭാഗത്ത് താമസക്കാരനായ ശ്രീനിലയം വീട്ടിൽ കരുണാകരൻ നായർ മകൻ ഗോപാലകൃഷ്ണൻ നൽകിയ മൊഴി |
| **അനുബന്ധം IX** | : | കിഴുകാനം സെക്ഷനിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ജിമ്മി ജോസഫ് നൽകിയ മൊഴി |
| **അനുബന്ധം X** | : | ഇടുക്കി വൈൽഡ്‌ലൈഫ് ഡിവിഷനിൽ കിഴുകാനം സെക്ഷനിൽ താൽക്കാലിക വാച്ചറായ ശ്രീ. സനിൽ കുമാർ പി.എസ് നൽകിയ മൊഴി |
| **അനുബന്ധം XI** | : | ഉപ്പുതറ വില്ലേജിൽ കണ്ണംപടി ഭാഗത്ത് മുല്ല കരയിൽ പുത്തൻപുരയ്ക്കൽ തങ്കപ്പൻ മകൻ ശ്രീ. സജി നൽകിയ മൊഴി |
| **അനുബന്ധം XII** | : | ശ്രീ. സരുൺ സജി നൽകിയ മൊഴി |
| **അനുബന്ധം XIII** | : | കിഴുകാനം സെക്ഷൻ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ഷിജിരാജ് നൽകിയ മൊഴി |

**ശുപാർശ** :

ടി കേസുമായി ബന്ധപ്പെട്ട് നേരിട്ടുള്ള അന്വേഷണത്തിൽ, പരിശോധിച്ച രേഖകൾ, ടി പരാതിയുമായി ബന്ധപ്പെട്ട ജീവനക്കാരുടെയും പരിസരവാസികളുടെയും മൊഴികൾ, എന്നിവ പ്രകാരം പരാതിയിൽ പറയുന്ന ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ മുകളിൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരിൽ ശ്രീ. മുജിബ് റഹ്മാൻ, റെയിഞ്ച് ഓഫീസറിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നതിനും മറ്റ് ജീവനക്കാരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി ടിയാന്മാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും ശുപാർശ ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഫോറസ്റ്റ് കൺസർവേറ്റർ
ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ, കോട്ടയം